PRESIDENT: I now put Demand No. IV—Forests—for Rs. 8,27,550. to the vote of the House.

The grant was made.

DEMAND V.—STAMPS.

PRESIDENT: The House will now proceed to Demand No. V—Stamps.

MR. R. NILAKANTA PILLAI (*Ag. Financial Secretary to Government*): I beg to move for a grant not exceeding Rs. 1,04,026 under Demand V—Stamps.

Motion 169.

The following motion was not moved:

MR. S. PIRAVIPERUMAL PILLAI:

To reduce the allotment of Rs. 20,000 for purchase of card boards and covers by Rs. 8,000.

Motion 170.

The following motion was deemed to have been withdrawn as the member was absent.

MR. R. KESAVA PILLAI:

To reduce the allotment of Rs. 28,249 for Manufactory by Re. 1

Motions 171 and 172.

The following motions were not moved:

MR. T. C. KESAVA PILLAI:

171. To reduce the total allotment of Rs. 1,04,026 under Demand V by Re. 1.

MR. P. S. MAHOMED:

172. To reduce the total allotment of Rs. 1,04,026 under Demand V by Rs. 26.

PRESIDENT: The Demand under V—Stamps Rs. 1,04,026 is placed before this House.

The grant was made.

DEMAND VI —REGISTRATION.

MR. T. K. MADHAVAN NAYAR (*Ag. Secretary to Government*): I beg to move for a grant not exceeding Rs. 3,39,453 under Demand VI—Registration.

Motions 173 to 175.

The following motions were deemed to have been withdrawn as the members wer absent.

MR. A. S. DAMODARAN ASAN:

173. To reduce the allotment of Rs. 8,920 for establishment by Re. 1.

MR. R. KESAVA PILLAI:

174. To reduce the allotment of Rs. 8,920 for establishment by Re. 1.

MR. A. THANU PILLAI:

175. To reduce the allotment of Rs. 8,920 for establishment by Rs. 10.

Motion 176.

To reduce the allotment of Rs. 8,920 for establishment by Rs. 100.

MR. A. C. KURIAKOSE (*Minachil cum Devicolam*): എസ്റ്റാബ്ലിഷ്മെൻറ് ഇനത്തിൽ ആവശ്യപ്പെട്ടിട്ടുള്ള വ,ൻറ 0 രൂപയിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

ക്ഷ ാ കുപാ കുറയ്ക്കണമെന്നുള്ളതാണ് എന്റെ ഉപക്ഷേപം. ഈ ഉപക്ഷേപം ഹാജരാക്കുന്നതു്, ഈ ഡിപ്പാർട്ടുമെൻറിന്റെ ഉദ്യോഗനിയമനനയത്തിൽ വർഗ്ഗീയപ്രാതിനിധ്യത്തെ അവഗണിച്ചു പ്രവർത്തിക്കുന്നുഎന്നുള്ളതിനെ ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു്. എല്ലാ ഡിപ്പാർട്ടുമെൻറുകളിലും ദീർഘകാലമായി ഉണ്ടായിട്ടുള്ള പരാതിയെ പര്യവസാനിപ്പിക്കുന്നതിനു് സാവധാനമായി ഒരു ശുദ്ധ ഗവണ്മെൻറിൽ നിന്നുപതിപ്പിക്കണമെന്നുള്ളതാണു ഈവിഷയത്തെപ്പറ്റിപറയുന്നതിനു എന്നെ പ്രേരിപ്പിച്ചിട്ടുള്ളതു്. രജിസ്ട്രേഷൻഡിപ്പാർട്ടുമെൻറിൽ പലതരത്തിലും വളരെ നിയമനങ്ങൾ നടക്കുന്നുണ്ടു്. അതിൽ ഗവണ്മെൻറു് അംഗീകരിച്ചിട്ടുള്ള തത്വത്തെഅസ്വദമാക്കി ശരിയായിനിയമനംനടത്തുന്നില്ലാഎന്നു ഈഡിപ്പാർട്ടുമെൻറിലെ നിയമനപ്പട്ടികയിൽ നിന്നുവിശദമായിക്കാണാം. ഇതു് ഈ ഡിപ്പാർട്ടുമെൻറിനെമാത്രം സംബന്ധിക്കുന്ന ഒരുകാര്യമല്ല. പ്രത്യേകംപ്രത്യേകം ഡിപ്പാർട്ടുമെൻറുകളെ എടുത്തു പറയേണ്ടിയിരിക്കുന്നതിൽ രണ്ടുമൂന്നു കാര്യങ്ങളാണു് പ്രധാനമായിട്ടുള്ളതു്. പൊതുവേ അങ്ങിനെ ഒരു തത്വം സ്ഥാപിക്കുന്നതിനു് ഒരു നിശ്ചയംകൊണ്ടോമറോ ആവശ്യമുള്ള എല്ലാ കാര്യങ്ങളെ പറ്റിയും വേണ്ടുപോലെ പ്രതിപാദിക്കുന്നതിനു സന്ദർഭം ലഭിക്കാത്തിരിക്കുന്നതിനാൽ ഒന്നിലധികം ഡിപ്പാർട്ടുമെൻറുകളെപ്പറ്റി ഇവിടെപ്പറയുന്നില്ല. നിയമനാധികാരമുള്ളവർ പ്രാതിനിധ്യത്തെ അസ്വദമാക്കി നിവർത്തിയുള്ളിടത്തോളം എല്ലാവരുടേയും അവകാശത്തെ പരിഗണിച്ചു നിയമനം നടത്തണമെന്നു് ഒരു വ്യവസ്ഥ ഉണ്ടാക്കുകയാണെങ്കിൽ അതു കൂടുതൽ പ്രയോജനകരമായിരിക്കുമെന്നുള്ള വിശ്വാസമാണു് ഈ വിഷയത്തിൽ തുടർന്നുള്ള പ്രതിപാദനത്തിനു് എന്നെ പ്രേരിപ്പിച്ചിട്ടുള്ളതു്. ഈ ഡിപ്പാർട്ടുമെൻറിലെ നിയമനാധികാരികൾ അസമത്വസമുദായക്കാരുടെ കാര്യത്തിൽ യഥോചിതം ശ്രദ്ധിച്ചുപോരുന്നില്ലാഎന്നതന്നെ പറയേണ്ടിഇരിക്കുന്നു. ഈ കാര്യത്തെപ്പറ്റി പ്രത്യേകം ഡിപ്പാർട്ടുമെൻറിനു ശ്രദ്ധ ഉണ്ടാക്കുന്നതിനു ഗവണ്മെൻറു കഴിയുന്നതും ഉചിതമായ വ്യവസ്ഥ ചെയ്യേണമെന്നു് പ്രതിപാദിച്ചുകൊണ്ടു് ഞാൻ ഈഉപക്ഷേപത്തെ ഹാജരാക്കിക്കൊള്ളുന്നു.

MR. P. S. MAHOMED (*Nominated*): ഞാൻ മിസ്റ്റർ കുയ്യാക്കോസിന്റെ ഉപക്ഷേപത്തെ ശക്തിയായി പിൻതാങ്ങുന്നു. അങ്ങിനെ പിൻതാങ്ങുന്നതിനുള്ള പ്രധാനകാരണം ഗവണ്മെൻറിന്റെ നയം അസമത്വസമുദായങ്ങളോടു വളരെ അനുകൂലമാണെന്നു് പറഞ്ഞിട്ടുള്ളതനുസരിച്ചു് ഈ ഡിപ്പാർട്ടുമെൻറിൽനിന്നും ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ലാ എ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Mahomed.]

ന്നുള്ള സംഗതി ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നുള്ള താണ്. ഈ ഡിപ്പാർട്ടുമെൻറിൽ ൨൦ രൂപായ്ക്കുമേൽ ശമ്പളമുള്ള ന്യൂ൫ ഉദ്യോഗങ്ങളുണ്ട്. അതിൽ താഴ്ന്ന ശമ്പളക്കാരായി ൨൦൫ പേരുണ്ട്. ഇതിൽ അസമതലസമുദായത്തിലുൾപ്പെട്ട മുസ്ലീം സമുദായത്തിൽനിന്നും ൫൦ പേരിൽ കൂടുതൽ കാണുകയില്ല. ൯൨ സബ് രജിസ്ട്രാരന്മാർ ഉണ്ട്. അതിൽ രണ്ടുപേർമാത്രമെ ഉള്ളൂ. ഇതനുസരിച്ചുതന്നേയായിരിയ്ക്കും മറ്റ് അസമതലസമുദായക്കാരിൽനിന്നും നിയമിച്ചിട്ടുള്ളതു്. ഏതായാലും മുസ്ലിമീങ്ങളുടെ നില ഈ രീതിയിലാണെന്ന ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. അതിനാൽ മേലാലെങ്കിലും ഉദ്യോഗനിയമനവിഷയത്തിൽ അധികാരമുള്ള ഉദ്യോഗസ്ഥന്മാർ അവരുടെ ചുമതല നിർവഹിക്കുന്നതിനു വേണ്ടി ഗവണ്മെൻറ് പ്രത്യേകം ആജ്ഞാപിക്കണമെന്ന് ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ അല്പസ്വല്പം ന്യായം ചെയ്യാൽ കൊള്ളാമെന്ന ആഗ്രഹമുള്ളതുപോലേ കാണുന്നു. എന്നാൽ അവരുടെ ആഫീസിൽമാത്രമേ ഈ ഉത്തരവാദിത്വം സ്ഥിതിചെയ്യുന്നുള്ളൂ. അവരുടെ കീഴുദ്യോഗസ്ഥന്മാർ നടത്തുന്ന നിയമനങ്ങളിൽ ന്യായമായി ലഭിക്കേണ്ട അവകാശത്തെ അവഗണിക്കുന്നതിനേ സംബന്ധിച്ച് ഈ ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷൻ ഒന്നുംതന്നെ പറയുന്നില്ല. അതിനുള്ളകാരണം മേലുദ്യോഗസ്ഥന്മാർ പറയുന്നതിനെ കീഴുദ്യോഗസ്ഥന്മാർ വകവയ്ക്കുന്നില്ല എന്നുള്ളതുതന്നെയായിരിക്കണം. അങ്ങിനെ മേലുദ്യോഗസ്ഥന്മാരെ വകവക്കുന്നില്ല എന്നുള്ള സംഗതി എനിക്കുതന്നെ ചിലസന്ദർഭങ്ങളിൽ ബോധ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഈ സംഗതിയിൽ കൌൺസിലിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

MR. K. MADHAVAN (*Nominated*) : സർ, മിസ്റ്റർ ക്രിയാക്കോസ് അവർകൾ കൊണ്ടു വന്നിരുക്കിറ റസല്യൂഷനെ പറ്റി നാലും മൂന്നു വാർത്തകൾ സൊല്ല വിരുമ്പുകിറേൻ. സർ, 3,39,453 രൂപായ് സിലവു സെയ്തു നടത്തപ്പട്ടിരുക്കിറ ഇന്തപ് പെരിയ ഡിപാർട്മെണ്ടിൽ, ഇരണ്ടു ലക്ഷം താഴ്ത്തപ്പട്ട ഏഴു ജനങ്കളിൽ ഒരു പിയൂൻ കൂട ഇല്ലാമലിരുപ്പതാനതു എനക്കു മിക്ക വരുത്തത്തൈ തരുകിറതു. തലൈമൈ ഉത്തിയോകസ്തരിടമും മറ്റും ടിസ്ടിരിക്ട്രി റിജിസ്തരകളിടമും സിലർകളൈക്കൊണ്ടു പോയ് എതാവതു ഉത്തിയോകമ് കൊടുക്കവേണ്ടുമെന്നു കേട്കുമ് പോതു അവർകൾ പല വിത സാക്കുപോക്കുകൾ സൊല്ലുകിറ്രർകളേ തവിറവേറു ഒൻറുമില്ലൈ. ഇവർകളുക്കുക് കൊണ്ടുവരവേണ്ടിയതു കവർമെൺടിൻ കടമൈ. ഇവർകളുക്കുമ് ഏതാവതു ഉത്തിയോകങ്കൾ കൊടുക്കാവിട്ടാൽ ഇന്ത ഏഴൈ ജനങ്കൾ എപ്പടി മുൻനുക്കു വരുവാർകൾ. ആതലാൽ ഇന്തപ് പെരിയ ഡിപ്പാർട്മെണ്ടിൽ ഇൻ

LIBRARY ARCHIVES Kerala Legislative Assembly

தழை ஜனங்களுக்கும் ஒன்று இரண்டு உத்தியோகங்கள கொடுக்க வேண்டுமென்று சொல்லிக் கொண்டு என் னுடைய அபிப்பிராயத்தை முடித்துக் கொள்கிறேன்.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*) : രജിസ്ട്രേഷൻ ഡിപ്പാർട്ട്മെൻറിലെ ഉദ്യോഗ നിയമനത്തെ സംബന്ധിച്ച് എന്റെ മുൻഗാമികളായ സ്നേഹിതന്മാർ ഏതാനും സംഗതികൾ ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നു. ആ കൂട്ടത്തിൽ എന്റെ നിയോജകമണ്ഡലത്തിലുൾപ്പെട്ട ഒരു മഹമ്മദീയനെ നിയമിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി പൊതുജനങ്ങൾ ഡയറക്ടർ അവർകൾക്ക് അപേക്ഷ കൊടുത്തതിൽ വളരെ ധിക്കാരമായ മറുപടി പറഞ്ഞതു നിമിത്തം മഹമ്മദീയ സമുദായത്തിലുള്ള പൊതുജനങ്ങൾക്കു ഈ ഡിപ്പാർട്ട്മെൻറു മേധാവിയോടുള്ള അതൃപ്തിയെ രേഖപ്പെടുത്തണമെന്നും അതിലേക്കു ഒരു യോഗം കൂടണമെന്നും പറഞ്ഞു് അവർ എന്നെ ക്ഷണിച്ചു. അദ്ദേഹം ഉടൻതന്നെ പെൻഷൻ പറ്റി പിരിഞ്ഞു പോകുന്ന ഈ അവസരത്തിൽ ഒന്നും പ്രവർത്തിക്കേണ്ട ആവശ്യമില്ലെന്നു് അവരോടു സമാധാനം പറഞ്ഞതനുസരിച്ചു് അവർ ഇപ്പോൾ അടങ്ങി പാർക്കുകയാണു് ചെയ്യുന്നതു്. സബ് രജിസ്ട്രാരുടെ ഉദ്യോഗത്തെ സംബന്ധിച്ച മിസ്റ്റർ പി. എസ്. മഹമ്മദിനു് കഴിഞ്ഞ ആണ്ടത്തെ ബഡ്ജറ്റു സെഷനിൽ കൊടുത്ത മറുപടിയുടെ ഫലമായിട്ടാണു് ദക്ഷിണ തിരുവിതാംകൂറിലെ മഹമ്മദീയർ ഈ മേധാവിയോടു അപേക്ഷിച്ചിട്ടുള്ളതു്. ആ ഉദ്യോഗത്തിൽ ഈ മേധാവിയുടെ തോന്ന്യാസം ദക്ഷിണ തിരുവിതാംകൂറിലെ മഹമ്മദീയ സമുദായത്തിനു രുചികരമായിത്തോന്നീട്ടില്ലാ എന്നുള്ള അവരുടെ സങ്കടം പ്രത്യേകം രേഖപ്പെടുത്തണമെന്നു് എന്നോടാവശ്യപ്പെട്ടതുകൊണ്ടു് അവരുടേയും കൂടെ പ്രതിനിധി എന്ന നിലയിൽ ഞാനും മി. പി. എസ്. മഹമ്മദിനൊടൊന്നിച്ചു ഈ സഭ മുമ്പാകെ പറഞ്ഞു കൊള്ളുന്നു.

റിക്കാർഡുകൾ പകർപ്പെഴുതിവയ്ക്കുന്ന ഒരു രീതി നടപ്പിൽ വരുത്തണമെന്നു് ഇവിടത്തെ ഒന്നാമത്തെ കൌൺസിലിൽ ഒരു പ്രമേയം പാസാക്കീട്ടുണ്ടു്. അതിനെ നടപ്പിൽ വരുത്താതെയിരിക്കുന്നതായിട്ടു കാണുന്നു. അതിനെപ്പറ്റി ഇപ്പോഴത്തെ ഭരണറിപ്പോർട്ടിൽ സ്ഥാവരമായിട്ടുള്ള വസ്തുക്കളെ സംബന്ധിച്ചിടത്തോളമുള്ള പ്രമാണങ്ങൾ ക്രമേണ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ കുറഞ്ഞുവരുന്നുവെന്നാണു കാണുന്നതു്. സ്ഥാവരവസ്തു, വിലയാധാരം, ഒറിയാധാരം, കാണാധാരം, ഇവയുടെ പകർപ്പു് എഴുതി നിർബ്ബന്ധമായി ഡിസ്ട്രിക്ട് രജിസ്ട്രാരുടെ ആ

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. C. Kesava Pillai.]

ഫീസിലോ, ഡയറക്ടരുടെ ആഫീസിലൊ അവയുടെ പ്രതികം വയ്ക്കേണ്ടതാണെന്ന് ഉത്തരവുകൊടുക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു. പൊതുജനങ്ങളിൽ ഉള്ളവസ്തുക്കളുടെ എല്ലാ ആധാരങ്ങളേയും സംരക്ഷിക്കുന്ന ചുമതല ഗവണ്മെൻറിനും കൂടി വേണ്ടതാണെന്ന് അവർ മുറവിളികൂട്ടുന്ന ഈ അവസരത്തിൽ ഒന്നോ രണ്ടോ ചക്രം ഓരോ ആധാരത്തിനും ചുമത്തീട്ടെങ്കിലും ഈ ആധാരങ്ങളുടെ പകർപ്പ് ഡിസ്ട്രിക്ട് രജിസ്ട്രാരുടെ ആഫീസിലോ ഡയറക്ടരുടെ ആഫീസിലോ ഇരിക്കണമെന്നു പറയുന്നത് വെറുതെയല്ല. സബ്രജിസ്ട്രാർ ആഫീസിൽ നിന്നും എൻകമ്പറൻസ് സർട്ടിഫിക്കറ്റ് എടുക്കാനായിട്ട പത്തു രൂപാ കൊടുത്താൽ സാധിക്കുന്നസ്ഥിതിയ്ക്ക് ഈ വിലയാധാരവും മറും എഴുതിവച്ചിരിക്കുന്ന പുസ്തകത്തിൽ നിന്നും, ആക്കെങ്കിലും നാലുചക്രമോമറോ കൊടുത്തു് ഒരു ഷീറ്റു വലിച്ചു കീറി കൊണ്ടു പോകുന്നതായാൽ, അതു നിമിത്തം ആ പ്രമാണക്കാരൻ നശിക്കുന്നതിനു കൂടി കാരണമായിതീരുന്നതാണ്. ഇങ്ങനെയുള്ള സംഗതിയിൽ പൊതു ജനപ്രതിനിധികം ഭൂരിപക്ഷാഭിപ്രായത്തോടുകൂടെ റസല്യൂഷൻ പാസാക്കീട്ടും അതിനെ വകവയ്ക്കാതെ അതിനുവിരോധമായിട്ട അഭിപ്രായം പറഞ്ഞ ഡയറക്ടറെ ഈ ഡിപ്പാർട്ട്മെൻറിൽ വച്ചുകൊണ്ടിരിക്കുന്നതു് വലിയ സങ്കടമാണു എന്നു് ഗവണ്മെൻറിനെ അറിയിച്ചുകൊള്ളുന്നു. അതിനാൽ സ്ഥാവരസ്തുക്കളുടെ വിലയാധാരവും പണയാധാരവും സംബന്ധിച്ചിടത്തോളമെങ്കിലും പ്രാധാന്യം കൊടുക്കേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു. കൂടാതേയും രജിസ്ട്രേഷൻ ഡിപ്പാർട്ട്മെൻറിൽ നിന്നും എടുപ്പിച്ചിട്ടുള്ള എൻടൻസ് എക്സാമിനേഷൻ പാസായിട്ടുള്ള ആളുകം ഉദ്യോഗമൊന്നുമില്ലാതെ അലഞ്ഞു നടക്കുമ്പോഠം ഒരു പരീക്ഷയുമില്ലാതെ ജനറൽ എഡ്യൂക്കേഷൻ ഉള്ളവരെ മാത്രം ഉദ്യോഗത്തിൽ നിയമിക്കുന്നതായി കാണുന്നു. അതു് പാടില്ലാ എന്നു ചോദ്യം ചോദിച്ചതിനു് പരീക്ഷപാസായിട്ടുള്ളവർവരുന്നില്ലാ എന്നു പറയുന്നു. പ്രവേശന പരീക്ഷ പാസായവക്കു് ഉദ്യോഗം കൊടുക്കാമെന്നു ഗവണ്മെൻറു ഭാഗത്തു നിന്നും പറയുന്നപക്ഷം ഉദ്യോഗമില്ലാതെ നടക്കുന്ന ഠ ഉ പേരുടെ പേരും മേൽവിലാസവും എനിക്കു തരാൻ സാധിക്കുന്നതാണ്. അങ്ങനെ തന്നെ കൊടുക്കണം എന്നു് ഒരു ഗവണ്മെൻറു സർക്കുലറും ഉണ്ടായിട്ടുണ്ടു്. ഇങ്ങനെയുള്ള കാര്യത്തിൽ നിഷ്കർഷയായി പ്രവർത്തിക്കുന്നതിനു ഡയറക്ടക്കു് പ്രത്യേകം ഉത്തരവുകൊടുക്കണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സബ് രജിസ്റ്റർ ആഫീസുകളുടെ ക്ലാസ്സിൽ ആണ്ടുതോറും ടെമ്പററി ആഫീസു കൂടിക്കൂടിവരുന്നു. ബഡ്ജറ്റു സ്പീച്ചിൽ നിന്ന് മനസ്സിലാകുന്നതു് നായർ റെഗുലേഷൻ, ഈഴവറെഗുലേഷൻ ഇവ നിമിത്തമുള്ള ഭാഗങ്ങൾ കുറഞ്ഞുവരുന്നുവെന്നാണു്. ആ സ്ഥിതിക്കു പ്രമാണങ്ങളും കുറയാനിടയുണ്ടു്. അതുകൊണ്ടു് ഫ 0 ൪-ലേക്കാൾ വരുമാനം കുറയുമെന്നു നിർദ്ദേശിച്ചുകാണുന്നു. ആ സ്ഥിതിക്കു് ഈ ടെമ്പററി ആഫീസുകളെ ഉടനടി കുറക്കേണ്ടതാണു്. വീണ്ടും ക്ലാസ്സിക്കിട്ടണമെന്നു് റെക്കമെൻഡേഷൻ അയക്കുന്നുവെങ്കിൽ അതിലേക്കു പ്രത്യേകം സമാധാനം വാങ്ങിക്കണമെന്നു് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. അധീക്രതവക്കാരെ സബ് രജിസ്റ്റർ കച്ചേരികളിൽ നിയമിച്ചതു സംബന്ധിച്ചു് ഒരു അടികലശൽ നടക്കാൻ പോകുന്നതായി എനിക്കു കാണാൻ ഇടയായി. അന്നു് ഡയറക്ടറും ഉണ്ടായിരുന്നു. പുലയർ, പറയർ മുതലായവരെ സബ് രജിസ്റ്റർ കച്ചേരികളിൽ ശിപായികളായി നിയമിക്കുന്നതു നല്ലതുതന്നെ. അങ്ങനെ നിയമിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ വേലക്കാരായും, കാപ്പികൊണ്ടുവരുന്നതിനും മറ്റും ആക്കുന്നതു നന്നായിരിക്കും. അതല്ലാതെ സബ് രജിസ്റ്റർ കച്ചേരിയിൽ വന്നു ചേരുന്ന, പൊതുജനങ്ങൾക്കു സങ്കടമുണ്ടാകുന്നവിധത്തിൽ, ഈ ശിപായിമാരെക്കൊണ്ടു മാന്യമായനിലയിൽ കഴിഞ്ഞുപോരുന്ന സ്ത്രീകളുടേയും മറ്റാളുകളുടേയും കൈവിരൽ ഉരുട്ടിക്കുന്നതു തീരെ ശരിയായിട്ടുള്ളതല്ല. അങ്ങിനെ നിയമിക്കണമെന്നു വിചാരിക്കുന്നപക്ഷം രജിസ്ട്രേഷൻ ഡയറക്ടരുടേയും ഡിസ്ട്രിക്ട് രജിസ്ട്രാരുടേയും ആഫീസുകളിൽ ഈ താഴ്ന്ന സമുദായക്കാരേ മാത്രമായി നിയമിക്കുന്നതായാൽ നന്നായിരിക്കുമെന്നുള്ള അഭിപ്രായത്തോടുകൂടി ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

MR. R. RAMAN PILLAI (*Kottayam*): മി. കുയ്യാക്കോസിന്റെ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. അതിൽ എന്റെ പ്രധാനമായ ഉദ്ദേശം കോട്ടയത്തുള്ള അഡിഷണൽസബ് രജിസ്റ്റർ കച്ചേരിയുടെ സ്ഥാനത്തെപ്പറ്റി ഈ സഭയുടെമുമ്പാകെ കൊണ്ടുവരണമെന്നുള്ളതാണു്. ഒരു സ്ഥലത്തുതന്നെ വേറൊരു സബ് രജിസ്ട്രാർകച്ചേരിക്കൂടെ സ്ഥാപിക്കുന്നതുകൊണ്ടു വലിയ പ്രയോജനമില്ല. ഉദ്യോഗസ്ഥന്മാരുടെജോലിക്കു അല്പം സൌകര്യം കിട്ടുമെന്നല്ലാതെ മറെറാന്നുമില്ല. കോട്ടയത്തു പ്രിൻസിപ്പൽ സബ് രജിസ്ട്രാർ കച്ചേരിയും അഡിഷനൽസബ് രജിസ്ട്രാർകച്ചേരിയും ഒരു പകുതിയിലാണു് സ്ഥിതിചെയ്യുന്നതു്. രണ്ടുകരയിലാണെങ്കിലും രണ്ടിനും തമ്മിൽ ഒരു മൈലിൽക്കൂടുതലായ അകലമില്ല. അഡിഷനൽ സബ് രജിസ്ട്രാർ കച്ചേരിയിൽ വിജയപുരം, പാമ്പാടി, പുതുപ്പള്ളി ഈ മൂന്നുപകുതി

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Raman Pillai.]

കളാണ് ഉൾപ്പെട്ടത്തിയിരിക്കുന്നത്. വിജയപുരം പാമ്പാടിക്കു കിഴക്കാണ്. അതിനുതെക്കുപടിഞ്ഞാറാണ് പത്തുപ്പള്ളി. ഈ മൂന്നുസ്ഥലങ്ങളിലുംകൂടി സ്ഥാപിച്ചിരിക്കുന്ന കച്ചേരി മൂന്നുസ്ഥലത്തിന്റേയും പടിഞ്ഞാറെഅറ്റത്തു വച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു ജനസാമാന്യത്തിനു യാതൊരുസൌകര്യവും ലഭിക്കുന്നതല്ല. അതിനാൽ ഈ മൂന്നുസ്ഥലങ്ങളുടെകൂടി ചേരുന്ന ഒരു മദ്ധ്യസ്ഥാനത്തു ഈ അഡിഷനൽ സബ് രജിസ്റ്റർ കച്ചേരിയെ മാറ്റി സ്ഥാപിക്കണമെന്നാണ് എന്റെ അഭിപ്രായം.

വിദ്യാഭ്യാസം സിദ്ധിച്ച ധാരാളം സ്ത്രീകൾ ഇപ്പോൾ പരീക്ഷാവിജയികളായി കാണുന്നുണ്ട്. ഈ ഡിപ്പാർട്ടുമെൻറിൽ അവക്കും ഉദ്യോഗംകൊടുക്കണമെന്നു മുറവിളിക്കൂട്ടിക്കൊണ്ടിരിക്കുന്നു. അവക്ക് ഉദ്യോഗംകൊടുക്കുന്നതിനു ഏറ്റവും പറ്റിയ ഒരു ഡിപ്പാർട്ടുമെൻറാണ് രജിസ്ട്രേഷൻഡിപ്പാർട്ടുമെൻറ്. അതിനാൽ രജിസ്റ്റർകച്ചേരികളിൽ സ്ത്രീകളെ നിയമിക്കുന്നതിനു വേണ്ട വ്യവസ്ഥകൾ ചെയ്ത് ആ വിഷയത്തിൽ അവക്കുള്ള പരാതിയെ നിവൃത്തിക്കണമെന്നു അപേക്ഷിക്കുന്നു. ഈ രണ്ട് സംഗതികളും ഗവണ്മെൻറിന്റെ പരിഗണനയിൽ പെടുത്തിക്കൊണ്ട് മിസ്റ്റർ കുര്യാക്കോസിന്റെ ഉപക്ഷേപത്തെപിൻതാങ്ങുന്നു.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): ഞാനും ഈ ഉപക്ഷേപത്തെ ബലമായി പിൻതാങ്ങുന്നു. മിസ്റ്റർ കുര്യാക്കോസ് പറഞ്ഞതുപോലെ ഈ ഡിപ്പാർട്ടുമെൻറിലെ എല്ലാവകുപ്പുകളിലും വർഗ്ഗീയപ്രാതിനിധ്യതത്വം അനുസരിച്ചു നിയമനം നടത്തണമെന്നു പ്രസ്താവിക്കാനാണ് ഈ ഉപക്ഷേപം കൊണ്ടുവന്നതെന്ന് ഇവിടെ പ്രത്യേകം പറയേണ്ടയാവശ്യമില്ല. മുമ്പ് ഒരിക്കൽ ഗവണ്മെൻറ് വർഗ്ഗീയപ്രാതിനിധ്യതത്വമനുസരിച്ച് പ്രാതിനിധ്യം കുറഞ്ഞവരുടെ അവകാശത്തെ മുൻനിർത്തി നിയമനം നടത്തണമെന്ന് എല്ലാഡിപ്പാർട്ടുമെൻറുകളേയും അറിയിക്കുകയും അങ്ങിനെ നിയമിക്കാതിരിക്കുന്ന ഡിപ്പാർട്ടുമെൻറദ്ധ്യക്ഷന്മാരോടു സമാധാനംചോദിച്ചുകൂട്ടത്തിൽ രജിസ്ട്രേഷൻ ഡയറക്ടരോടുംസമാധാനംചോദിച്ചിട്ടുണ്ട്. എന്തു സമാധാനംകൊടുത്തുഎന്ന് അറിഞ്ഞുകൂടാ. എങ്കിലും ഇപ്പോഴും സാരമായ വ്യത്യാസങ്ങളൊന്നും പഴയനയത്തിൽനിന്നും കാണുന്നില്ല. ഈ ഡിപ്പാർട്ടുമെൻറിൽ സബ് രജിസ്ട്രാരന്മാരായി ൯൨-പേരുണ്ട്. അതിൽ ൩൨- സ്ഥിരവും ൬൩- ആക്ടിംഗും ആണെന്നതോന്നുന്നു. ഇതിൽ ആറരലക്ഷം ജനസംഖ്യവരുന്ന കത്തോലിക്കരിൽനിന്നും രണ്ടുപേരാണുള്ളതു്. മുമ്പിരുന്നഅദ്ധ്യക്ഷന്റെകാലത്തു ഇത്രപോലുംഉണ്ടായിരുന്നില്ല. ഇപ്പോൾ രണ്ടുപേരെങ്കിലും ഉണ്ടെന്നുപറയാം. ഇതു ന്യായമായികിട്ടേണ്ടുന്നതിൽ വളരെകുറഞ്ഞഭാഗം മാത്രമാണെ

LIBRARY ARCHIVES Kerala Legislative Assembly

ന്നള്ളതിനു യാതൊരുസംശയവുമില്ല. ഇതുപോലെതന്നെയാണ് ഈഴവസമുദായത്തിന്റേയും മഹമ്മദീയ സമുദായത്തിന്റേയും സ്ഥിതി. ഈ നിയമനംതന്നെ അടുത്തകാലത്തു ഉണ്ടായിട്ടുള്ളതാണ്. ഈ കാലത്തു ഈ സമുദായത്തിൽ ധാരാളം ബി. എ. ക്കാർഉണ്ട്. ഇതു് രജിസ്ട്രാരെസംബന്ധിച്ചു മാത്രമാണ്. മറ്റുള്ളഡിസ്ട്രിക്ട് രജിസ്ട്രാരുടേയും അതിനുകീഴിൽ ഉള്ളവരുടേയും ആഫീസിൽ ഈ സമുദായത്തിൽനിന്നും തീരെഇല്ല. മറ്റുഡിപ്പാർട്ടുമെന്റുകളെ അപേക്ഷിച്ചു് ഇതിൽ കുറച്ചു് ന്യായമായി ചെയ്തിട്ടുണ്ടെന്നു പറയാം. ഡിസ്ട്രിക്ട് രജിസ്ട്രാരുടെ ആഫീസിൽ കുത്തോലിക്കർ തീരെഇല്ല. മറേറാരോവകുപ്പുകളിലും മേലാൽ ഇങ്ങനെ നടക്കാതിരിക്കുന്നുവെങ്കിൽ ഗവണ്മെൻറു് അവരോടു സമാധാനംചോദിക്കണം. തൃപ്തികരമല്ലാത്തവിധത്തിൽ സമാധാനംകൊടുത്തിട്ടും പണ്ടത്തെ നയംതന്നെ തുടരുന്നപക്ഷം ഗവണ്മെൻറു് മൗനമായിരിക്കാൻപാടില്ല. ഈ കാര്യത്തിൽ ശ്രദ്ധവച്ചു് എല്ലാഡിപ്പാർട്ടുമെൻറുകളേയും ശരിപ്പെടുത്തികൊണ്ടുപോകേണ്ടതു് ഗവണ്മെൻറിന്റെ കടമയാണ്. ഓരോ ഉദ്യോഗസ്ഥന്മാരും അവരുടെ സമുദായത്തെ സംബന്ധിച്ചു നിയമനം നടത്തുന്നു. അതിലേക്കു കാസ്റ്റ്ഫാറം വരുമ്പോൾ മറുസമുദായങ്ങളിൽ നിന്നും എത്രപേരെ നിയമിച്ചു എന്നുകാണാം. അങ്ങിനെവരുന്നതായാൽ ഇപ്പോഠംനടക്കുന്നമാതിരി അവക്കുചെയ്യാൻ സാധിക്കുമോ എന്നു സംശയമാണ്. ഉദ്യോഗം വേണമെന്നുപറയുന്നതു ആദായത്തെ ഉദ്ദേശിച്ചല്ല. പബ്ലിക്കു്സർവീസിൽ ന്യായമായി എല്ലാവക്കും അവകാശമുണ്ട്. അതനുസരിച്ചു പ്രവർത്തിക്കാതിരിക്കുന്നതു അനീതിയാണ്. അങ്ങിനെ അനീതിയെ പരിലാളിച്ചുകൊണ്ടിരിക്കുന്ന യാതൊരുരാജ്യത്തേയും ജനസമുദായത്തിനൊവ്യക്തിക്കോയോജിച്ചതല്ല. അനീതി സന്തോഷകരവും അഭിമാനകരവും അല്ലാ. അതിനാൽ അനേകംകാലമായി രാജ്യത്തിനു അപമാനംഉണ്ടാക്കുന്ന—നീതിക്കും സത്യത്തിനും വിരുദ്ധമായിട്ടുള്ള—ഈ കാര്യത്തെ ഗവണ്മെൻറു് കഴിയുംവിധം അമാന്തിയാതെതന്നെ ചെയ്തേണ്ടതാണ്. എല്ലാവർക്കും അവരുടെ ന്യായമായ അവകാശത്തെ പരിഗണിച്ചു് ഉദ്യോഗംകൊടുക്കണം. അസമതപസമുദായക്കാരോടു നിഷ്ഠുരമായി പ്രവർത്തിക്കുന്ന സംഗതികൾഗവണ്മെൻറു് പ്രത്യേകം ശ്രദ്ധിക്കണമെന്നു പ്രസ്താവിച്ചുകൊണ്ടു് മിസ്റ്റർ. കുയ്മാക്കോസിന്റെ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു.

MR. D. FRANCIS (*Nominated*): Sir, I rise to support the motion. It has been the policy of the Government to give special encouragement to the members of the unrepresented communities. But the members of the Latin Christian community have practically no representation in the Registration Department. Their strength is 1/12th of

LIBRARY ARCHIVES Kerala Legislative Assembly

[Mr. D. Francis.]

the total population of the State. Therefore one-twelveth of the appointments, both permanent and temporary, must be given to the members of the Latin Christian Community. With these words, I strongly support the motion brought forward by Mr. Kuriakose.

MR. T. K. MADHAVAN NAYAR (*Ag. Secretary to Government*): Sir, one of the main points raised in the course of the discussion was communal representation. The appointments in the Registration Department have been carefully done. From the trend of the arguments raised here, it will be seen that each community thinks that a sufficient number of persons from that community has not been appointed. A list of appointments made from 1-1-1104 to 1-1-1105 shows that during this period, as many as 13 Mahomedans, 14 Latinite Roman Catholics, 13 Syriac Christians 20 Jacobites, 13 Marthoma Syrians, 2 Church of England Christians, 19 Vellalas, five other depressed classes and 16 other Hindus have been appointed. It is very difficult to satisfy all the communities.

MR. P. S. MAHOMED (*Nominated*): What is the total uumber of appointments?

MR. T. K. MADHAVAN NAYAR (*Ag. Secretary to Government*): Two hundred and odd during this period. Government have asked the heads of departments to see that—

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഇതു് ക്ലാക്കന്മാരുടെ നിയമനമല്ലെ?

MR. T. K. MADHAVAN NAYAR (*Ag. Secretary to Government*): ഇതു ക്ലാക്കന്മാരുടേയും സബ്‌രജിസ്ട്രാരന്മാരുടേയും ചേർന്നുള്ളതാണു്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഇതിൽ രജിസ്ട്രാറന്മാരായി എത്ര പേരെ നിയമിച്ചിട്ടുണ്ടു്?

MR. T. K. MADHAVAN NAYAR (*Ag. Secretary to Government*): പ്രത്യേകം എടുത്തിട്ടില്ല.

ഓരോ സമുദായത്തിലും നിന്നു് ഉള്ളവരുടെ ലിസ്റ്റു് എടുത്തിട്ടില്ല. കഴിയുന്ന വിധത്തിൽ ഇപ്പോൾ ഒരു ലിസ്റ്റു് എടുത്തിട്ടുണ്ടു്. അതിൽ കഴിയുന്ന വിധത്തിലുള്ള കാര്യങ്ങൾ ഇപ്പോൾ ചെയ്യുന്നുണ്ടു്.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): ഡിപ്രസ്ഡ് ക്ലാസിൽ നിന്നും എത്ര പേരുണ്ടു് എന്നു് പറയാമൊ?

MR. T. K. MADHAVAN NAYAR (*Ag. Secretary to Government*): Other depressed classes 10. There are no Pulayas.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): പുലയന്മാരിൽ എത്ര പേരുണ്ടെന്നു പറയാമൊ?

MR. T. K. MADHAVAN NAYAR (*Ag. Secretary to Government*): None.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): രജിസ്ട്രാർ ആയിട്ടു മഹമ്മദീയ സമുദായത്തിൽ നിന്നും എത്ര പേരുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly

MR. T. K. MADHAVAN NAYAR (*Ag. Secretary to Government*): രണ്ടു പേർ.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : ഈഴവരായിട്ട് സബ്‌രജിസ്ട്രാർ എത്രപേരുണ്ട്?

MR. T. K. MADHAVAN NAYAR (*Ag. Secretary to Government*): രജിസ്ട്രാർ ആയിട്ട എത്ര ഈഴവർ ഉണ്ടെന്നു അറിഞ്ഞുകൂടാ. അകപ്പാടെ ഒരു പേർ ഈഴവരായി ഉണ്ട്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : രജിസ്ട്രാരന്മാരായിട്ട സിറിയൻ റീത്തിലും ലാറ്റിൻ റീത്തിലും പെട്ട എത്ര പേരുണ്ട്?

MR. T. K. MADHAVAN NAYAR (*Ag. Secretary to Government*): രണ്ടു പേരുണ്ട്.

MR. REVATI NAL RAMA VARMA RAJA (*Edavagai*) : സ്ത്രീകളെ ആരെ എങ്കിലും അവിടെ നിയമിച്ചിട്ടുണ്ടോ?

MR. T. K. MADHAVAN NAYAR (*Ag. Secretary to Government*) : സ്ത്രീകളെ ആ ഡിപ്പാർട്ടുമെൻറിൽ നിയമിച്ചുവരുന്നു.

MR. REVATI NAL RAMA VARMA RAJA (*Edavagai*) : എത്രപേർ ഉണ്ട്?

MR. T. K. MADHAVAN NAYAR (*Ag. Secretary to Government*) : രണ്ടാണെന്നു തോന്നുന്നു. തീർച്ചയറിഞ്ഞുകൂടാ. ഇൻഫർമേഷൻ വരുത്തിതരാം.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): May I know whether there is any Namputiri in the Registration Department?

MR. T. K. MADHAVAN NAYAR (*Ag. Secretary to Government*): There are five Malayala Brahmins.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): As Sub-Registrars?

MR. T. K. MADHAVAN NAYAR (*Ag. Secretary to Government*). No.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : ഇതു് പൂർണ്ണസംഖ്യയല്ലെ?

MR. T. K. MADHAVAN NAYAR (*Ag. Secretary to Government*) : ആയിരിക്കാം.

MR. REVATI NAL RAMA VARMA RAJA (*Edavagai*) : സ്ത്രീകളെ ക്ലർക്കുതലായി ഈ ഡിപ്പാർട്ടുമെൻറിൽ നിയമിക്കുന്നതിനു ഏർപ്പാടുചെയ്യാമൊ?

MR. T. K. MADHAVAN NAYAR (*Ag. Secretary to Government*) : കാലക്ഷേപത്തിനു വേണ്ടി ഈ ഡിപ്പാർട്ടുമെൻറിന്റെ സഹായം ആവശ്യമാണെന്നുവന്നാൽ അതിൽ ഗവണ്മെൻറിനു് വിരോധമില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. REVATI NAL RAMA VARMA RAJA (*Edavagai*): സ്ത്രീകൾക്കു കാല ക്ഷേപത്തിനു കുറവില്ലെന്നാണൊ പറയുന്നതു്?

MR. T. K. MADHAVAN NAYAR (*Ag. Secretary to Government*): എന്നു പറഞ്ഞില്ല. വന്നാൽ എന്നാണു് ഞാൻ പറഞ്ഞതു്.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): ഈ പട്ടികയിൽ അധികവും താണതരത്തിലുള്ള ഉദ്യോഗസ്ഥന്മാരെ അല്ലെ സംബന്ധിച്ചിരിക്കുന്നതു്?

MR. T. K. MADHAVAN NAYAR (*Ag. Secretary to Government*): അറിയാൻ പാടില്ല.

നിവർത്തിയില്ലാതെ വരുന്ന അവസരങ്ങളിലല്ലാതെ ടെമ്പററി ആഫീസുകൾ കൊടുത്തിട്ടില്ല. ഇങ്ങിനെയുള്ള ആഫീസുകളിൽ ൩൦൦൦ ആധാരം രജിസ്റ്റർ ആകുന്നുണ്ടു്. നാലായിരത്തിൽ കുറവായി ആധാരങ്ങൾ ഉള്ള സ്ഥലത്തു ഇതു അനുവദിച്ചു കൊടുക്കുന്നില്ല. അങ്ങിനെയുള്ള ചില സ്ഥലങ്ങളിൽ വളരെക്കൂടുതലായി ആധാരങ്ങൾ കാണുന്നതിനാൽ ടെമ്പററി ആഫീസു കൊടുത്തിട്ടുണ്ടു്.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): ഈ ചില ആഫീസുകളിലും കൂടി എതു ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടു്?

MR. T. K. MADHAVAN NAYAR (*Ag. Secretary to Government*): ചില പേരെ കൂടുതൽ സ്ഥാപിച്ച ചില ആഫീസുകളിൽ നിയമിച്ചു. ആ ആഫീസുകളിൽ ൪൫൦൦ ആധാരങ്ങളിൽ കുറവായി പതിഞ്ഞിട്ടില്ല.

MR. A. C. KURIAKOSE (*Minachil cum Devicolam*): എന്റെ ഉപക്ഷേപത്തെ സംബന്ധിച്ചു ഗവണ്മെൻറു ഭാഗത്തുനിന്നുപറഞ്ഞ മറുപടിയിൽ നിന്നും ഈ ഡിപ്പാർട്ടുമെൻറിലെ നിയമനവിഷയത്തിലുള്ള നയം എന്താണെന്നു് സാമാന്യമായി വിശദമായിട്ടുണ്ടു്. അസമത്വസമുദായങ്ങൾക്കു് വേണ്ടി അല്പം ശ്രദ്ധിച്ചുതന്നെ പ്രവർത്തിക്കുന്നു എന്നു് ഗവണ്മെൻറു മെംബർ പറഞ്ഞതിനാൽ എനിക്കു് വളരെ സന്തോഷം തോന്നുന്നുണ്ടു്. ഇതുപോലെ ഓരോ ഡിപ്പാർട്ടുമെൻറിലും ഉള്ള നിയമനാധികാരികൾ ചെയ്തു പോന്നിരുന്നു എന്നു വരുന്നപക്ഷം ഈ വിഷയത്തെപ്പററി കൌൺസിലിൽ ഉപക്ഷേപം കൊണ്ടുവരുന്നതിനു ഇടവരാതിരിക്കത്തക്കവിധത്തിൽ കാര്യങ്ങൾ ക്രമപ്പെട്ടുമായിരുന്നു. ഇനിയത്തെ ബഡ്ജററുയോഗത്തിൽ ഈ മാതിരി ഉപക്ഷേപങ്ങൾ വരാതിരിക്കത്തക്കവണ്ണം ഗവണ്മെൻറു പ്രവർത്തിക്കണം. എല്ലാക്കൂട്ടത്തിലും ഒരുവലിയഭാഗം ആളുകൾ അവകാശപ്പെടുവാനായി കാത്തിരിക്കുന്നുണ്ടെന്നു

LIBRARY ARCHIVES Kerala Legislative Assembly

കരുതി അതനുസരിച്ച പ്രവത്തിക്കണം. എന്നാൽ അതിന്പെട്ടെന്ന സാധിക്കുകയില്ല എന്ന പറയുന്ന ഒരു സമാധാനം ഒരുമാതിരി തൃപ്തികരമാണെന്ന തന്നെ ഞാൻവിശ്വസിക്കാം. ഓരോഡിപ്പാർട്ടുമെൻറിലും അംഗീകരിച്ചിട്ടുള്ള നയത്തെ തുടരുന്നതായാൽ തത്സംബന്ധമായി അധികം പരാതിക്ക് വകയുണ്ടാകയില്ലതന്നെ.

മിസ്റ്റർ രാമൻപിള്ള അഭിപ്രായപ്പെട്ടതുപോലെ ഈ ഡിപ്പാർട്ടുമെൻറിൽ സ്ത്രീകൾക്ക് ഉദ്യോഗംകൊടുക്കണമെന്നതിനോടുകൂടി ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. അതുമെതന്നെ ഇക്കാര്യംഎനിക്ക് സൂചിപ്പിക്കാൻ കഴിയാതെവന്നതിൽ ഞാൻ മനസ്താപിക്കുന്നു. ഈ സംഗതിയിലും ഈ ഡിപ്പാർട്ടുമെൻറ് കൂടുതൽ ശ്രദ്ധപതിപ്പിച്ച് ഇതിലെ നിയമനാധികാരികൾ വേണ്ടവിധം പ്രവത്തിക്കുമെന്നതന്നെ ഞാൻ വിശ്വസിക്കുന്നു. അതിനാൽ എൻെറ ഉപക്ഷേപത്തെ പിൻവലിക്കുന്നതിന് അനുവാദം ചോദിച്ചുകൊള്ളുന്നു.

The motion was, by leave, withdrawn.

Motion 177.

PRESIDENT: Motion 177 does not legitimately come under the allotment of Rs. 2,400 for 'travelling allowance' and so I rule it out.

Motion 178.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Sir, I move the following motion:—

To reduce the allotment of Rs. 2,400 for travelling allowance by Re. 1.

This motion is intended to draw the attention of the Government again to the inconvenience now experienced by the people who attend these registry offices in the matter of accommodation and other conveniences.

PRESIDENT: What has that to do with the Travelling Allowance?

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): If the Director had, when he inspected these offices, inspected them properly, he would have understood that there is no accommodation. What I would submit is that the Director did not make a proper inspection of these offices. Sir, last year I brought to the notice of Government the fact that the Sub-Registrar's Office in Trivandrum had not sufficient accommodation for people who attend the Office. The Government member replied to me that there was a verandah and I asked him whether he had seen the verandah. He said he had been there and he replied to me by saying that there are offices which have porticoes, and that there are offices which have verandahs, and therefore there was sufficient accommodation. I thought that after making the reply last year some provision or other would have been made to meet this inconvenience. Even to-day, Sir, this morning, I find that there is not sufficient accommodation. Again, Sir, I put an interpellation to Government asking whether there is any facility for those people

LIBRARY ARCHIVES Kerala Legislative Assembly

[Mr. S. Piraviperumal Pillai.]

who attend these offices for getting drinking-water at least. The reply was that in the Trivandrum Sub-Registrar's Office there was a well. In a supplementary question I asked whether there was water in the well. I know the well is dry and there is no water. Therefore my request is that the Government should give some attention to this matter. The department is one which gets as much money as possible from the poor who come there to register their documents and who in the sun and rain have to be without roof. I request the Government to give some attention to this matter and do the needful.

MR. T. K. MADHAVAN NAYAR (*Ag. Secretary to Government*): The points mentioned by the member are noted and will be considered.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): I thank the member for his reply given in the Assembly style and beg leave to withdraw the motion.

The motion was, by leave, withdrawn.

Motion 179.

To reduce the allotment of Rs. 2,400 for travelling allowance by Rs. 5.

MR. R. RAMAN PILLAI (*Kottayam*): സഞ്ചാരപ്പടിവക യിലുള്ള ൨,൪൦൦ രൂപായിൽനിന്നും അഞ്ചു രൂപാകുറയ്ക്കണമെന്നുള്ള താണ് എന്റെ ഉപക്ഷേപം. ഈ ഉപക്ഷേപം അവതരിപ്പിക്കുന്ന തിന്റെ ഉദ്ദേശം രജിസ്ട്രേഷൻ ഡയറക്ടർ ചിട്ടി രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച് യാതൊരു വ്യവസ്ഥയും വേണ്ടപോലെ ചെയ്യുന്നില്ലാ എന്നമാത്രമല്ലഅതുകൊണ്ട് ജനസാമാന്യത്തിന് നേരിടുന്നനിസ്സീമമായ നഷ്ടം ഉണ്ടാകുന്നു എന്നുകൂടി ഈ കൌൺസിലിന്റെ മുമ്പാകെ വെളി പ്പെടുത്തണമെന്നുള്ളതാണ്. ചിട്ടിക്ക് ഇന്നയിന്നകണക്കുകൾ വയ്ക്കണ മെന്നുള്ളതിന് യാതൊരു വ്യവസ്ഥയുമില്ല. അഥവാ ഉണ്ടെങ്കിൽ തന്നെ യും ചിട്ടികണക്കുകളേയും ചിട്ടിരജിസ്റ്ററിനേയും പരിശോധിക്കുന്നില്ല. പരിശോധിച്ചാൽ അടയാളംവച്ചു കൊടുക്കുന്നില്ല. ചിട്ടിയുടെവലിപ്പം പോലെ രണ്ടുരൂപാമുതൽ ൫ രൂപാവരെ രജിസ്ട്രാരുടെ ആഫീസി ലെ ക്ലാർക്കിന് കൊടുക്കുമ്പോൾ ഇന്നയിന്നകാര്യങ്ങൾ പൂർത്തിയാക്കിക്കൊ ള്ളണമെന്ന് പറഞ്ഞയക്കുന്നു. പരിശോധിക്കുന്ന ആൾ തലവരിയോ ലയിൽ ഒപ്പിട്ടുകൊടുക്കുന്നില്ല. തലവരിയോലയിൽചേർക്കാത്ത സംഗതി കളെല്ലാം രജിസ്ട്രാരുടെ ആഫീസിൽ ഇരിക്കണമെന്നുണ്ട്. ഇടയ്ക്കിട ക്കുണ്ടാകുന്ന ഭേദഗതികൾ എല്ലാം അതിലുണ്ടായിരിക്കണം. ആദ്യ ത്തെചിട്ടിയിൽ രജിസ്റ്റർചെയ്യാത്തഅനേകം ചിറാമ്പർക്കു രസീതുകൊടുത്തി ട്ടുണ്ട്. ഈ രസീതുകളേയും ചിട്ടിരജിസ്റ്ററിനേയും പരിശോധിക്കുന്നി ല്ല. ചിട്ടിപിടിച്ചവർക്കു പണം കൊടുത്തു എന്ന് മിന്നിട്ടുഹാജരാക്കി

LIBRARY ARCHIVES Kerala Legislative Assembly

യശേഷമേ അടുത്ത ചിട്ടി നടത്താൻപാടുള്ളൂ. അങ്ങിനെ പണംകൊടുത്തുവരുന്നതായി കാണുന്നില്ല. ഈ വിധത്തിൽ ധാരാളമായി നടക്കുന്നുണ്ട്. ചിട്ടിപിടിച്ചശേഷം സ്ഥാവരവസ്തുവിന്റെ ഉറപ്പിൻമേൽ പണം വാങ്ങിക്കുന്നതിന് ശക്തിയില്ലാത്ത ചിറാളരുടെ പണംഗവണ്മെൻറിന് വിശ്വാസമുള്ള ബാങ്കിൽ നിക്ഷേപിക്കണമെന്നും ആ രസീതിനെ ചിട്ടിരജിസ്ട്രാറെ ബോധ്യപ്പെടുത്തണമെന്നും വ്യവസ്ഥയുണ്ട്. അങ്ങിനെ ബാങ്കിൽ നിക്ഷേപിക്കുന്നുണ്ടോ എന്നും ആ തുക ബാങ്കിൽ ഉണ്ടോഎന്നും പാസ്ബുക്ക് പരിശോധിക്കുന്നില്ല. ചിട്ടിപകുതിയാകുമ്പോഠം മുതലാളൻ ഇൻസാഠംവെൻറാകുന്നു. ആ അവസരത്തിൽ റിക്കാർഡുകഠംനോക്കിയാൽ യാതൊരു രേഖയും കാണുന്നില്ല. പണം കൊടുത്തതിനുള്ള രസീതുകളൊ മറുകണക്കുകളോയാതൊന്നും തന്നെ നാളതുവരെ പരിശോധിച്ചിട്ടുള്ളതായി കാണുന്നില്ല. ഈ വക ന്യൂനതകളെ പരിഹരിക്കുന്നതിനു വേണ്ടവ്യവസ്ഥചെയ്യേണ്ടതു് രജിസ്ട്രേഷൻ ഡയറക്ടരുടെ ചുമതലയാണു്. ഈന്യൂനത നിമിത്തം അദ്ദേഹത്തിന്റെ സഞ്ചാരപ്പടിമുഴുവനുംകുറയ്ക്കണമെന്നു് പറയുന്നതായാൽ ആ ഉപക്ഷേപം അവതരിപ്പിക്കാൻ കിട്ടുകയില്ലെന്നു് വിചാരിച്ചാണു് അഞ്ചുരൂപകുറയ്ക്കണമെന്ന ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്. ചിട്ടിയിലുള്ള നാഠംവഴി, പേരേട് ഈവക റിക്കാർഡുകളെ ചിട്ടിരജിസ്ട്രാർ ഓരോതവണയും പരിശോധിച്ചു് അടയാളം വച്ചുകൊടുക്കണം ഇങ്ങനെ പരിശോധിച്ചു് അടയാളംവയ്ക്കാത്ത പുസ്തകങ്ങഠം ഒരു തലയാളൻ ഇൻസാഠംവെൻറായ അവസരത്തിൽ ഡിസ്ട്രിക്ട് കോർട്ടിൽ വന്നിട്ടുണ്ടു്. ഈ വക റിക്കാർഡുകളെ ഓരോതവണയും പരിശോധിച്ചു അടയാളംവച്ചു കൊടുക്കുന്നതിനു വേണ്ട വ്യവസ്ഥ ചെയ്യണം. അങ്ങനെ ചെയ്യാത്തതു് നിമിത്തം ചിട്ടിയിൽ ചേരാത്ത ആളുകഠംക്കും ഇപ്പോഠം രസീതുകൊടുക്കുന്നുണ്ടു്. ബാങ്കിൽ നിക്ഷേപിച്ച പണം അവിടെയുണ്ടോ, അതല്ലാ തലയാളൻ കൊണ്ടുപോയൊ എന്നുള്ള സംഗതികഠംചിട്ടിരജിസ്ട്രാക്കു് ബോധ്യം വരണമെങ്കിൽ അവയെ പരിശോധിക്കണം. ഇതിലേക്കു് ഒരു വ്യവസ്ഥയുണ്ടാക്കുന്നതിനു് ഗവണ്മെൻറു ഗാഢമായി ആലോചിച്ചു് വേണ്ടതു് ചെയ്യുമെന്നുള്ള വിശ്വാസത്തോടെ ഈ ഉപക്ഷേപത്തെ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

MR. A. C. KURIAKOSE (*Minachil cum Devicolam*): മിസ്റ്റർ രാമൻപിള്ളയുടെ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. ചിട്ടിയെ സംബന്ധിച്ച ഗവണ്മെൻറു കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതു് പൊതുജന

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. C. Kuriakose.]

ങ്ങളുടെ രക്ഷക്ക്വളരെ ആത്യാവശ്യമാണ്. ചിട്ടിറഗുലേഷൻ വന്നതിന ശേഷം ചിട്ടിയുടെ സംഖ്യ വളരെ അധികം വർദ്ധിച്ചിട്ടുണ്ട്. റഗുലേഷനിലുള്ള ആനുകൂല്യമാണ് ഈ ചിട്ടികൾ വർദ്ധിപ്പിക്കുന്നതിന ആളുകളെ പ്രേരിപ്പിച്ചിട്ടുള്ളത്. നാട്ടിൻപുറങ്ങളിലുള്ള ആളുകൾ ഈ ചിട്ടികളിൽ ചേരുന്നത് അതിൽനിന്നും ചില സഹായം കിട്ടുമെന്നുള്ള വിചാരം കൊണ്ടാണ്. അതിനാൽ ഗവണ്മെൻറിൽനിന്നും ഇതിനെ വേണ്ടവിധം നിയന്ത്രിക്കാതിരുന്നാൽ ജനങ്ങൾക്ക് വരാവുന്ന സങ്കടത്തെപ്പറ്റി വിസ്തരിച്ചു പറയുന്നതിനാണ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളത്. പൊതുജനങ്ങളെ ധാരാളമായി ബാധിക്കുന്ന ഒരു വിഷയമാകയാൽ ഈ വിഷയത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതു് അത്യാവശ്യമാണ്. ചിട്ടിറഗുലേഷൻ നിമിത്തമുള്ള പ്രയോജനത്തെ പ്രോത്സാഹിപ്പിക്കത്തക്കവണ്ണം അതിനെ മാറ്റണം. ഇപ്പോൾ ചില ആനുകൂല്യം അതിലുണ്ട്. അതു പൂർണ്ണമെന്നൊ അപൂർണ്ണമെന്നൊ ഞാൻ ഇവിടെ സൂചിപ്പിക്കുന്നില്ല. അതിലുള്ള പ്രധാന ദോഷങ്ങളെ പരിഹരിക്കേണ്ടതു് ചിട്ടിരജിസ്ട്രാർ ആണ്. അനേകം കാര്യങ്ങൾ നിർവഹിക്കുന്ന ആളായതുകൊണ്ട് ഒരുപക്ഷെ അശ്രദ്ധ ഉണ്ടെന്നിരുന്നാലും പ്രത്യേകമായ നിഷ്കർഷകൊണ്ട ജനങ്ങളുടെ ധനത്തേയും ആവശ്യത്തേയും സംരക്ഷിക്കത്തക്കവണ്ണം കൂടുതൽ ശ്രദ്ധപതിപ്പിച്ചു നിഷ്കർഷിക്കാതിരിക്കുന്നതു ആപൽക്കരമാണ്. തിരുവിതാംകൂറിൽ വർദ്ധിച്ചുവരുന്ന ചിട്ടിതലയാളന്മാരിൽ കാണുന്ന അശ്രദ്ധകളെ പ്രത്യേകം പ്രത്യേകം എടുത്തു പ്രകാശിപ്പിച്ചുപറയുക എന്നുവച്ചാൽ അതു അനാവശ്യമായിട്ടെ വരികയുള്ളൂ. ഇതു ജനങ്ങളെ ബാധിക്കുന്ന ഒരു വലിയസംഗതിയാണ്. ചിട്ടിറഗുലേഷൻ വന്നശേഷവും ജനങ്ങൾക്കു പലവിധകഷ്ടനഷ്ടവും ഉണ്ടാകുകയും തൽസംബന്ധമായ വിധികളിൻമേൽ പല റിക്കാർഡുമാറ്റങ്ങളുംഉണ്ടാകയും ചെയ്തിട്ടുണ്ട്. ഇതിനെസംബന്ധിച്ചു അന്വേഷണംനടത്തുകയാണെങ്കിൽ ഈ സംഗതികൾ പരിശോധനഉദ്യോഗസ്ഥന്മാരുടെ ശ്രദ്ധയിൽ പെടാതിരിക്കുകയില്ല. ചട്ടത്തെ നിയന്ത്രിക്കുന്ന വിഷയത്തിൽ മിസ്റ്റർരാമൻപിള്ള സംശയിക്കുന്നതുപോലെതന്നെ ഞാനും സംശയിക്കുന്നു.

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): അങ്ങനെ ഏതെങ്കിലും സംഭവം ഉണ്ടായിട്ടുണ്ടൊ?

MR. A. C. KURIAKOSE (*Minachil cum Devicolam*): പല സംഭവങ്ങളും ഉണ്ടായിട്ടുണ്ട് എന്നു ഞാൻ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഈ ഉപക്ഷേപത്തെ ഞാൻ ഹൃദയപൂർവം പിൻതാങ്ങുകയും ഗവണ്മെൻറിന്റെ ഗാഢമായ ശ്രദ്ധ ഇതിൽ പതിപ്പിക്കണമെന്നു അപേക്ഷിക്കുകയും ചെയ്തുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. REVATI NAL RAMA VARMA RAJA (*Edavagai*): മിസ്റ്റർ രാമൻ പിള്ളയുടെ ഉപക്ഷേപത്തോട് ഞാൻ അനുകൂലിച്ച് കൊള്ളുന്നു.

എനിക്ക് ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടത് മാവേലിക്കര താലൂക്കിൽപ്പെട്ട കൊല്ലകടവിൽ പുതുതായിസ്ഥാപിച്ചസബ് രജിസ്ട്രാർ കച്ചേരിയുടെ കീഴിൽ തഴകര പകുതി ചേത്തതിൽ അളുകൾക്ക് വളരെ ബുദ്ധിമുട്ട് ഉണ്ടാകുന്നു എന്ന് ഈ കൌൺസിലിലേ അംഗങ്ങളായ ഞങ്ങൾ രണ്ടുപേർ പറഞ്ഞതിനേ അശേഷംഗണിക്കാതെ അഞ്ചോ എട്ടോ അളുകൾചേർന്ന് ഒപ്പിട്ടയച്ചതായ ഒരു ഹർജിയേമാത്രംഅടിസ്ഥാനമാക്കി തഴകരപകുതിയെ കൊല്ലകടവുരജിസ്ട്രാപ്പീസിന്റെകീഴിൽ ചേത്തുവച്ചിരിക്കുകയാണ്എന്നുള്ളതാണ്. ഫ ൦ ർ–ലെയും ഫ ൦ ൪–ലെയും കണക്കു എടുത്തുനോക്കിയാൽക്രമേണ ആധാരങ്ങൾ ആ ആഫീസിൽ കുറഞ്ഞു കുറഞ്ഞാണ് കാണുന്നത്. ഈ വിധം ആഫീസുകൾ ക്രട്ടലായി നിയമിക്കുന്നത് അവരവരുടെ ചിലയാളുകൾക്ക് ഉദ്യോഗം കൊടുക്കുന്നതിനല്ലേ എന്ന് സംശയിക്കുന്നു. ജനങ്ങളുടെ പ്രതിനിധികളായ ഞങ്ങൾ കൗൺസിലിൽ പറയുന്നതിനെ തീരെ ഗണ്യമാക്കാതെ കേവലമൊരു പൊറിഷനെ മാത്രം പരിഗണിച്ച് തഴകര പകുതി കൊല്ലകടവിൽ ചേത്തത് വളരെ സാഹസമായിപോയി എന്നു പറഞ്ഞുകൊണ്ട് മിസ്റ്റർ രാമൻ പിള്ളയുടെ ഉപക്ഷേപത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു.

MR. T. K. MADHAVAN NAYAR (*Ag. Secretary to Government*): ചിട്ടിയുടെ കാര്യത്തിൽ സബ് രജിസ്ട്രാർ വേണ്ട വിധം അന്വേഷണം നടത്തുന്നുണ്ടോ എന്ന് ഡയറക്ടർ പരിശോധിച്ചതിൽ പല തെറ്റുകളും കണ്ടിട്ട് നല്ലവണ്ണം സൂക്ഷിച്ച് നോക്കണമെന്ന് ഡയറക്ടർ പറഞ്ഞിട്ടുണ്ട്. പിന്നെ ചിട്ടിയെ സംബന്ധിച്ച് ചില മാറ്റങ്ങൾ ചെയ്യണമെന്നുള്ള കാര്യത്തെപ്പറ്റി ബാങ്കിംഗ് എൻക്വയറി കമ്മറിക്ക് എഴുതി അയച്ചിട്ടുണ്ട്. അവരുടെ എൻക്വയറി കഴിഞ്ഞു റിപ്പോർട്ട് വന്നതിന് ശേഷം അതിൽ എന്തെല്ലാമാണ് ഉണ്ടാക്കേണ്ടത് എന്നു നോക്കി ചെയ്യാമെന്നാണ് വിചാരിക്കുന്നത്.

കൊല്ലകടവിൽ സ്ഥതിചെയ്യുന്ന കച്ചേരി കഴിഞ്ഞ മകരത്തിൽ തുറന്നതല്ലെ?.

MR. REVATI NAL RAMA VARMA RAJA (*Edavakai*): അതെ. അഞ്ചെട്ടുമാസമേ ആയിട്ടുള്ളു. തഴകരപകുതി തഴകരരജിസ്ട്രാരാഫീസിന്റെകീഴിലേക്കുമാറുന്ന കാര്യത്തെപ്പറ്റിഒന്നുകൂടി ആലോചിക്കാമൊ.?

MR. T. K. MADHAVAN NAYAR (*Ag. Secretary to Government*): ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

MR. R. RAMAN PILLAI (*Kottayam*) : ഇവിടെ പ്രാന്ത്രാവിച്ച സംഗതികൾ ബാങ്കിംഗ് എൻക്വയറി കമ്മിറ്റിയുടെ അന്വേഷണത്തിലിരിക്കുന്ന എന്ന് മറുപടിയിൽ പറയുന്നതുകൊണ്ട് ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിന അനുവാദം ചോദിച്ചു കൊള്ളുന്നു.

The motion was, by leave withdrawn.

Motions 180 to 198

The following motions were not made.

MR. A. S. DAMODARAN ASAN :
180. To reduce the allotment of Rs. 2,400 for travelling allowance by Rs. 5.

MR. A. C. KURIAKOSE :
181. To reduce the allotment of Rs. 2,400 for travelling allowance by Rs. 50.

MR. K. P. NILAKANTA PILLAI :
182. To reduce the allotment of Rs. 2,400 for travelling allowance by Rs. 100.

MR. MURUVELIL PACHU PILLAI :
183. To reduce the allotment of Rs. 20,208 for Direction by Re. 1.

MR. MURUVELIL PACHU PILLAI :
184. To reduce the allotment of Rs. 20,205 for Direction by Re. 1.

MR. MURUVELIL PACHU PILLAI :
185. To reduce the allotment of Rs. 20,208 for Direction by Re. 1.

Mr. TARIATU KUNJITOMMAN :
186. To reduce the allotment of Rs. 20,208 for Direction by Rs. 5.

MR. K. P. NILAKANTA PILLAI :
187. To reduce the allotment of Rs. 20,208 for Direction by Rs. 100.

MR. K. MADHAVAN PILLAI :
188. To reduce the allotment of Rs. 20,208 for Direction by Rs. 100.

MR. P. S. MAHOMED :
189. To reduce the allotment of Rs. 9,170 for establishment by Rs. 10.

MR. A. C. KURIAKOSE :
190. To reduce the allotment of Rs. 9,170 for establishment by Rs. 100.

MR. K. P. NILAKANTA PILLAI :
191. To reduce the allotment of Rs. 1,80,078 for establishment by Rs. 2,880.

MR. A. C. KURIAKOSE :
192. To reduce the allotment of Rs 1,80,078 for establishment by Rs. 100.

MR A. S. DAMODARAN ASAN :
193. To reduce the allotment of Rs. 3,564 for establishment by Re. 1.

MR. A. S. DAMODARAN ASAN :
194. To reduce the allotment of Rs. 3,564 for establishment by Rs. 5.

MR. A. THANU PILLAI :
195. To reduce the allotment of Rs. 3,564 for establishment by Rs. 10.

MR. A. C. KURIAKOSE :
196. To reduce the allotment of Rs. 3,564 for establishment by Rs. 100.

MR. L. R. RAJA RAJA VARMA KOIL TAMPURAN :
197. To reduce the allotment of Rs. 4,673 for Registrar of Joint Stock Companies by Rs. 100.

MR. K. P. NILAKANTA PILLAI :
198. To reduce the total allotment of Rs. 3,39,453 under Demand VI by Rs. 10.

LIBRARY ARCHIVES Kerala Legislative Assembly

Motion 199.

MR. A. G. MENON (*Parur*) : Sir, I move the following motion:-

To reduce the total allotment of Rs. 3,39,453 under Demand VI by Rs. 10.

The object of this motion is to bring to the notice of Government the necessity for introducing a time scale in the pay of these Sub-Registrars. I need not take up the time of the Council very much on this question, because all that I want to bring to the notice of the Council in regard to this motion is that a SubRegistrar is not generally able to get full pension at the end of his career. What I suggest is that the maximum pay of a SubRegistrar should be fixed at a decent amount and that he should get it atleast three years before his retirement.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Is this difficulty experienced in this Department alone?

MR. A. G. MENON (*Parur*): I am speaking only of this department now. I do not want to speak of any other department now. I shall, if possible, be glad if this time scale is given in all departments. But that question is not before the Council now. They must start with the minimum pay and by the time they retire they must get pension according to the maximum pay. At dresent promotions from one grade to another depends practically on the death of the man in one grade. That is not very desirable. Of course, the Registration Department is a department which is practically shunned by all who may be called ambitious. There are very little prospects in it. In the case of those who, for reasons of their own, enter into the Department, they should at least at the time of their retirement get pension on the maximum pay. There is no injustice in this. It is done in several other countries. In fact, it is the rule in British India now.

MR. T. K. MADHAVAN NAYAR (*Ag. Secretary to Government*): Sir the pay of the SubRegistrars was revised only in 1098. Not one decade has passed after the scales are revised and placed in the present footing. As for the clerks in Sub Registry Offices their pay was revised so recently as 1-6-1105. Will it not be too early to look into the matter now?

MR. A. G. MENON (*Parur*): The fact that their pay was raised does not in any way---

PRESIDENT: There is a member who has risen to speak.

MR. R. RAMAN PILLAI (*Kottayam*) : സബ്‌രജിസ്ട്രാറന്മാരുടെ ശമ്പളക്കാര്യത്തെപ്പറ്റി മിസ്റ്റർ എ. ജി. മേനവൻ പറഞ്ഞ സംഗതിക്ക ഗവണ്മെന്റ് ഭാഗത്തുനിന്നും പറഞ്ഞ മറുപടിതിരെ ഇപ്പോൾ കരമായിരിക്കുന്നില്ല. ഇപ്പോൾ സബ്‌രജിസ്ട്രാറന്മാരിൽമിക്ക ആളുകളും ഗ്രാഡ്വേറ്റ്സാണ്. ഇതര ഡിപ്പാർട്ടുമെൻറുകളിൽ കയറിയിരിക്കുന്ന ഗ്രാഡ്വേറ്റ്സിന്റെ അഭിവൃദ്ധിയും ഈ ഡിപ്പാർട്ടുമെൻറിലെ ഗ്രാഡ്വേറ്റ്സി

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Raman Pillai]

ന്റെ അഭിവൃദ്ധിയും തമ്മിൽ ആലോചിച്ചാൽ അതു് പരമസങ്കടമാണു്. സബ് രജിസ്ട്രാരന്മാരുടെ അഴിമതികളെപ്പറ്റി ഞാൻ ഒന്നു രണ്ടു് പ്രാവശ്യം പറഞ്ഞിട്ടുണ്ടു്. അതിനുള്ള കാരണം അവരെ അഴിമതിയിലേക്കു് പ്രേരിപ്പിക്കുന്ന എന്നുള്ളതു കൊണ്ടും നിവർത്തിയില്ലാത്തതുകൊണ്ടുമാണെന്നു് എനിക്കു തോന്നാറുണ്ടു്. [illegible] കൊല്ലം സർവീസിലിരുന്നിട്ടു് നൂറോ നൂറ്റിഇരുപതോ രൂപാ ശമ്പളത്തിൽ നിന്നു അവർ പിരിഞ്ഞു പോകേണ്ടിയിരിക്കുന്നു. അവക്കു് എട്ടും പത്തും സന്താനങ്ങൾ കണ്ടേക്കും. അവക്കു വിദ്യാഭ്യാസം കൊടുക്കേണ്ട ചുമതലയും ഉണ്ടു്. ഇവയെല്ലാം യോജിച്ചതായ ഒരു ഉപജീവനമാർഗ്ഗത്തെ പരിരക്ഷിച്ചു കൊണ്ടുപോയാൽ മാത്രമേ ആ വക കാര്യങ്ങൾ ചെയ്യുന്നതിനു് സാധിക്കുകയുള്ളു. കാര്യങ്ങൾ ഇങ്ങനെയിരിക്കെ അവരുടെ പ്രവർത്തികൾ നന്നായിരിക്കുന്നില്ല എന്നു് ഇവിടെ പ്രലോഭിച്ചതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടെന്നു് തോന്നുന്നില്ല. യാതൊരുപരീക്ഷാവിജയവും ഇല്ലാതെ പോലിസ് ഡിപ്പാർട്ടുമെൻറിൽ കയറിയിരിക്കുന്ന ആളുകൾക്കു് ഒരുമജിസ്ട്രേട്ടിനേക്കാൾ ശമ്പള ക്രമത്തിൽ കിട്ടാനുള്ള ഭാഗ്യം സിദ്ധിച്ചിട്ടുണ്ടു്. അതുപോലെ ഒരു ബീ. എ.ക്കാരനൊ ബീ. എൽ.കാരനൊ ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിൽ കയറിയാൽ അവക്കു് ൪൫൦ മുതൽ ൭൦൦ വരെയും ചിലപ്പോൾ ൯൦൦ രൂപാതന്നെയും കിട്ടുന്നതിനുള്ള ഭാഗ്യം ഉണ്ടു്. ഇപ്പോൾ അനേകം ബി. എ. ക്കാരും ബി.എൽ. കാരും സബ്രജിസ്ട്രാരന്മാരായി ഉണ്ടു്. എന്നാൽ ഇവർമാത്രം ഈ നിസ്സാരമായ ശമ്പളത്തോടുകൂടി ഡിപ്പാർട്ടുമെൻറിൽ നിന്നും പിരിഞ്ഞു പോകണമെന്നു് വരുന്നതു് തീരെപോരാത്തതാണു്. ഒരേ യോഗ്യതയുള്ളവർ ഒരേതരം ജോലിചെയ്യുകയാണെങ്കിൽ അവക്കു് ഒരേതരത്തിലുള്ള ശമ്പളവും കൊടുക്കേണ്ടതാണു്. ഒരു തഹശീൽദാക്കുള്ള ജോലിയിൽ ഒട്ടും കുറഞ്ഞ ജോലിയല്ല ഒരു സബ് രജിസ്ട്രാക്കുള്ളതു്. ചുമതലയും ധാരാളമുണ്ടു്. ഗവണ്മെൻറിനു് ധാരാളം ആദായം വരുത്തുന്ന ഒരു ഡിപ്പാർട്ടുമെൻറാണു് ഇതു്. ഈ ആദായം വരുത്തുന്നതിനു് ഇവർ ബുദ്ധിപൂർവം പ്രവർത്തിക്കേണ്ടിയിരിക്കുന്നു. സ്റ്റാമ്പു് റഗുലേഷനാൽക്കൂടിയ കുഴപ്പമുള്ള റഗുലേഷൻ തിരുവിതാംകൂറിലില്ല. ഇൻകംടാക്സ് റഗുലേഷൻ ഒഴിച്ചു് മറെല്ലാറഗുലേഷനിലും കുഴപ്പമുള്ളതാകയാൽ ആ വിഷയത്തിൽ ബുദ്ധിപൂർവം ആലോചിച്ചു പ്രവർത്തിക്കാതിരുന്നാൽ ചില സബ് രജിസ്ട്രാരന്മാരിൽനിന്നും മേലധികാരികൾ പണം ഈടാക്കിവരേണ്ടതായി വരുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ഈവിധ ചുമതലകളോടുകൂടി കാലത്തു് വ മണിക്കു ആഫീസിൽ വന്നാൽ രാത്രി ൭ മണികഴിഞ്ഞാലും ആഫീസ് വിട്ടുപോകാതെ ഗുമസ്ഥന്മാരുടെ ജോ ിയുംകൂടി ചെയ്തു കൊണ്ടിരിക്കുന്ന പല സബ്രജിസ്ട്രാരന്മാരെയും എനിക്കറിയാം. ഇപ്രകാരം കഷ്ടപ്പെടുകൊണ്ടിരിക്കുന്ന ആളുകൾക്ക് ഗവണ്മെൻറിൽ നിന്നും തക്കപ്രതിഫലം ഉണ്ടാക്കികൊടുക്കുന്നതിന് ഗാഢമായി ആലോചിച്ചു പ്രവർത്തിക്കേണ്ടതാണു്.

അതിലെ ഗുമസ്ഥന്മാരെസംബന്ധിച്ചു് പറയുകയാണെങ്കിൽ മറ്റു ഡിപ്പാർട്ടുമെൻറിലെ ഗുമസ്ഥന്മാർക്കുള്ള സൗകര്യംപോലെ ഈ ഡിപ്പാർട്ടുമെൻറിലെ ഗുമസ്ഥന്മാർക്ക് അന്യായമായ മാറ്റങ്ങളിൽക്കൂടിയായാലും ഇവർക്കുകിട്ടുന്നതിന് നിവർത്തിയില്ല. അതുകൊണ്ടു് അവരുടെ നിലയും ഒരു വിധം നന്നാക്കിവയ്ക്കേണ്ടതിന് ഗവണ്മെൻറു് ആലോചിക്കേണ്ടതാണു്. എന്നാൽ അവർക്കു് അടുത്തു് തന്നെ ശമ്പളക്രമം കൊടുത്തു പോയി എന്നു പറയുമായിരിക്കാം. അതു സബ്രജിസ്ട്രാരന്മാരെ ബന്ധിക്കുന്നില്ലല്ലോ. അതിനാൽ അവരുടെ നിലയെ അഭിവൃദ്ധിപ്പെടുത്തേണ്ടതു് ഗവണ്മെൻറിൻെറ കടമയാണു് എന്നുള്ള വിവരം ഗവണ്മെൻറിനെ മനസ്സിലാക്കുന്നതിന് വേണ്ടി ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

MR. V. S. KRISHNA PILLAI (*Trivandrum*): മിസ്റ്റർ എ. ജി. രാമനുണ്ണിയുടെ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. എനിക്കു് പ്രധാനമായി പറയാനുള്ളതു ഈ ആഫീസുകളിൽ ചെല്ലുന്ന കക്ഷികൾക്ക് സൗകര്യമായ വിധത്തിൽ കാര്യം സാധിച്ചുവരുന്നതിനു പല വിധത്തിലും ഉപദ്രവങ്ങൾ ഉണ്ടാകുന്നുണ്ടു്. കക്ഷിപ്പുരയുള്ള ആഫീസുകൾ വളരെ ചുരുക്കം. ഒരു വിധം മാനം മര്യാദയായി ഇരിക്കുന്ന ആളുകൾ ആധാരം രജിസ്റ്റർ ആക്കാൻ ചെന്നാൽ അവിടെ ധൈര്യമായിരിക്കുന്നതിനു് ഇതുവരെ സാധിച്ചിട്ടുണ്ടോ എന്നുള്ളതു് എനിക്കു് വളരെ സംശയമാണു്. കൈയെടിഞ്ഞതും, കാൽഒടിഞ്ഞതുംഎന്നുവേണ്ട പലവിധത്തിൽ ഉപയോഗശൂന്യമായ സാമാനങ്ങളാണു് മിക്കആഫീസുകളിലും ഞാൻ കാണുന്നതു്. വിശേഷിച്ചും അവിടെ ജനപ്രവാഹത്തിനു് യാതൊരു സൗകര്യവും ഉണ്ടാക്കിവച്ചിട്ടില്ല. പല സബ്രജിസ്ട്രാർമാരും മെഴുകുതിരിവാങ്ങിച്ചുവച്ചു രാത്രി വ-ം ൧൦-ം മണിവരെ ആധാരങ്ങൾ പകർത്തുന്നതു ഞാൻ മിക്കവാറും കാണാറുണ്ടു്. ആവശ്യമുള്ളടത്തോളം ക്ലാർക്കന്മാരെ ഒരാഫീസിലും നിയമിച്ചുകൊടുത്തിട്ടില്ലാഎന്ന പരാതി പറഞ്ഞു തുടങ്ങിയിട്ടു വളരെ കാലമായി എങ്കിലും മേലധികാരികൾ വല്ല അധികമായും നോക്കുന്നുണ്ടെന്നു തോന്നുന്നില്ല എന്നു് നമു

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. S. Krishna Pillai.]

ധാനവും പറയാതിരുന്നിട്ടില്ല. എന്നാൽ അവരുടെ ശമ്പളസ്കെയിൽ ആലോചിച്ചു നോക്കുന്നപക്ഷം മറ്റുഡിപ്പാർട്ട്മെൻറുകളെ അപേക്ഷിച്ചു വളരെ മോശമായ ഒരവസ്ഥയാണെന്നാണ് പൊതുവേയുള്ള അഭിപ്രായം.

ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷനു ഈ ഡിപ്പാർട്ട്മെൻറിൻെറ ജോലിയോടുകൂടിതന്നെ ചിട്ടിയും ബാങ്കും സംബന്ധിച്ചിടത്തോളം ചുമതലപ്പെട്ട ചില അധികാരങ്ങളും ഉണ്ട്. ചിട്ടിതലവരിയോല രജിസ്ട്രാക്കുന്നവിഷയത്തിൽ പല തകരാറും നടക്കുന്നു എന്നാണ് എൻെറ അറിവ്. അതിനെ ചൂണ്ടിക്കാണിക്കുന്നതിനു സമയം അനുവദിക്കുന്നില്ല.

പുതിയ ടെമ്പററി ആഫീസുകളും ആവശ്യമില്ലാത്തസ്ഥലങ്ങളിൽ സ്ഥാപിച്ചുകൊടുക്കുന്നു എന്നു ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആ അഭിപ്രായത്തോടുയോജിക്കാൻ എനിക്കു തീരെ നിവർത്തിയില്ലാ. ഈ ആഫീസിൽ അത്യാവശ്യമായ കാര്യങ്ങളിൽ നിർബന്ധിച്ചു വേലചെയ്യിക്കയും മേലധികാരിയെ ഈ വിവരം ധരിപ്പിക്കയും ചെയ്തിട്ടും ആവശ്യമുള്ളിടത്തോളമുള്ള കാപ്പികളും സമയത്തിനു കിട്ടിവരുന്നില്ല എന്നുള്ള പരാതിയാണു ഞാൻ കേൾക്കുന്നതു്. കൂടുതൽ സബ്രജിസ്ട്രാർ ആഫീസു വേണമെന്നു പൊതുജനങ്ങളാണു് ആവശ്യപ്പെടുന്നതു്. അല്ലാതെ ഗവണ്മെൻറാണെന്നു എനിക്കു തോന്നുന്നില്ല. പല സ്ഥലങ്ങളിൽനിന്നും നിർബന്ധപൂർവ്വമുള്ള അപേക്ഷകളും വരുമ്പോൾ ഒന്നോ രണ്ടോ സ്ഥലത്തുള്ളവരുടെ അപേക്ഷയേ മാത്രമെ സാധിച്ചുകൊടുക്കുന്നുള്ളു. കൂടുതൽ ആഫീസുകളും സ്ഥാപിക്കുന്നതിൽ ഗവർമെൻറിനെ കുറ്റം പറയാനില്ല. ഗവണ്മെൻറു ഭാഗത്തുനിന്നു കാണിച്ച ലിബറലുമെൻറുകൊണ്ടു ന ൦ ൦ ൦-വും നാലായിരവും ആധാരങ്ങളാണു് ഓരോ ആഫീസിലും ഇപ്പോൾ ഉള്ളതു്. ആവശ്യമുള്ളിടത്തു് ആഫീസുകളും കൊടുക്കാതിരുന്നാൽ ഇനിയും ക്രമത്തിലധികം ദൂരെപ്പോയി ഈ വക കാര്യങ്ങളും നിർവഹിക്കുന്നതിൽ ഇതിലധികം സങ്കടം അനുഭവിക്കേണ്ടിവരും. എന്നാൽ അതുത്തിസ്ഥലത്തെ നിർണ്ണയിക്കുന്നതിൽ ഒരു അനുഭവസ്ഥൻെറ അഭിപ്രായങ്ങളെ മേലധികാരിയെക്കാണിക്കാൻവേണ്ടി ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നു.

ഞങ്ങൾക്കു് ഇന്നു ആഫീസിൽ പോകുന്നതാണു് സൌകര്യം, വളരെ ദൂരക്കുറവുണ്ടു്, പോകുന്നതിനു പ്രയാസക്കുറവുണ്ടു്, അതിനാൽ നിവർത്തിയുള്ളിടത്തോളം ഞങ്ങളുടെ ജൂറിസ്ഡിക്ഷൻ ഇന്നയിടത്തുചേർത്തുതരണമെന്നു് ന്യായമായും യുക്തിയായും മേലധികാരിയെ ബോധ്യ

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ടത്തിയാൽ അതിനെ എങ്ങിനെ ഉപേക്ഷിക്കാമെന്നു എനിക്കു മനസ്സിലാകുന്നില്ല. അതിനാൽ ഈ അത്തി നിർണ്ണയകാര്യത്തിൽ കുറെക്കൂടി ജനങ്ങളുടെ സൗകര്യം നോക്കുന്നതു് വളരെ നന്നായിരിക്കും. അതിനാൽ ആവശ്യമുള്ളിടത്തോളം ക്ലാർക്കുകളെ നിയമിക്കേണ്ടതു് അത്യാവശ്യമാണു്. അവരുടെ ശമ്പളകാര്യത്തിൽ മറ്റുള്ളവർക്കുള്ള സൗകര്യങ്ങൾ ഒന്നും ഇവർക്കു് സിദ്ധിച്ചിട്ടില്ല. ഈ കാര്യത്തിൽ ഗവണ്മെൻറു ഗാഢമായി ആലോചിച്ചു വേണ്ടതു പ്രവർത്തിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നില്ല. നൂറു രൂപായിൽ കൂടുതൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാർക്കു് ഇനിയും ശമ്പളക്കൂടുതൽ കൊടുക്കണമെന്നു പറയുന്നതു് ഈ രാജ്യത്തിൻെറ സ്ഥിതിക്കു ഒരിക്കലും യോജിച്ചതല്ല. ചില്ലറ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൂട്ടണം.

MR. A. G. MENON (*Parur*) : വലിയശമ്പളക്കാർക്കു ശമ്പളം കൂട്ടണമെന്നു പറഞ്ഞില്ല.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : മിസ്റ്റർ രാമൻപിള്ളയുടെ അഭിപ്രായമനുസരിച്ചു ഗവണ്മെൻറു പ്രവർത്തിക്കുകയാണെങ്കിൽ ശമ്പളം കൂട്ടേണ്ടിവരും.

MR. A. G. MENON (*Parur*) : ഈ ഉപക്ഷേപത്തിൽ ശമ്പളം കൂട്ടണമെന്നില്ല.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : പ്രസംഗത്തിലുണ്ടു്.

താഴ്ന്നതരം ഉദ്യോഗസ്ഥന്മാർക്കു് കുറച്ചുകൂടി ശമ്പളം കൂട്ടിക്കൊടുക്കണം. രജിസ്ട്രേഷൻ വകുപ്പിൽ ഇരിക്കുന്ന ഉദ്യോഗസ്ഥന്മാർ ആ ആഫീസിൽതന്നെ ഇരുന്നു കയറ്റം കിട്ടാതെ കഴിച്ചുകൂട്ടുന്നു, അതിനാൽ അവർക്കും ശമ്പളംകൂട്ടണം എന്നു പറയുന്നു. ടെക്നിക്കൽ പരീക്ഷ ആവശ്യമില്ലാത്ത പല വകുപ്പിലുമുള്ള ഉദ്യോഗസ്ഥന്മാരെ അങ്ങോട്ടുമിങ്ങോട്ടും മാറ്റി നിയമിക്കണം. ഇപ്പോൾഎക്സൈസു ഡിപ്പാർട്ടുമെൻറിലെ മേലദ്ധ്യക്ഷൻ പോലീസിൽനിന്നും വന്നയാളാണു്. ഇതു നിമിത്തം കാര്യങ്ങൾക്കൊന്നും കുഴപ്പമില്ലെന്നാണല്ലോ ഗവണ്മെൻറും ജനങ്ങളും വിചാരിക്കുന്നതു്. അതുപോലെ പോലീസിൽനിന്നും വന്ന ആളാണു ഇപ്പോൾ പരസ്പരസഹായസംഘാദ്ധ്യക്ഷനായിരിക്കുന്നതു്. ഈ വിധത്തിൽ നിയമിച്ചാൽ കയറ്റം കിട്ടുകയില്ലേ? ഒരു വകുപ്പിൽതന്നെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

ഒരു ശമ്പളത്തിലിരുന്ന് വിഷമിക്കുന്നവരുടെ സങ്കടത്തിന് ഇതുമാതിരി പ്രവർത്തിക്കുകയാൽ പരിഹാരമുണ്ടാകുന്നതാണ്. ഫാജ്ജർ, എക്സൈസ്, പോലീസ്, കോഞ്ഞപ്പറേറിവ്, ലാൻഡ് റവന്യൂ ഇങ്ങനെയുള്ള വകുപ്പുകളിൽ അങ്ങോട്ടും ഇങ്ങോട്ടും മാറി ഉദ്യോഗക്കയറ്റം കൊടുക്കുന്നതു കൊണ്ടു യാതൊരു തരക്കേടുമില്ല. മൈസൂർ രാജ്യത്ത് ഇങ്ങനെയാണു നടക്കുന്നത്. ജൂഡീഷ്യൽവകുപ്പിൽ നിയമിക്കുന്നതിനു നിയമവൈദഗ്ദ്ധ്യം രജിസ്ട്രേഷൻവകുപ്പിലുവേണം. അതിലേക്കും ബീ. ഏ., ബീ. എൽ. പാസായവർഉണ്ട്. അതുകൊണ്ട് ഒരു ഡിപ്പാർട്ടുമെന്റിലിരുന്നു പ്രമോഷൻ കിട്ടുന്നില്ല എന്നുള്ളവക്ക് മൂന്നുനാലുകൊല്ലം കഴിയുമ്പോൾ മറ്റു ഡിപ്പാർട്ടുമെന്റുകളിൽ മാറി ഉദ്യോഗക്കയറ്റം കൊടുക്കാവുന്നതാണ്. ഇങ്ങനെ ചെയ്യുമ്പോൾ ടെക്നിക്കൽ പരീക്ഷ ആവശ്യമുള്ളതായ P. W. D., മെഡിക്കൽ, തുടിയായ ഡിപ്പാർട്ടുമെന്റുകളിൽ അവരെ മാറ്റാൻ സാധിക്കയില്ല. മറ്റുള്ളവയിലാകാം. ബ്രിട്ടീഷ് ഇൻഡ്യയിൽ ഇങ്ങനെനടപ്പുണ്ട്. ക്ലാക്ക്മാക്കും പ്യൂൺസിനും മറ്റു ഡിപ്പാർട്ടുമെന്റുകളിൽ കൊടുത്തിട്ടുള്ളതുപോലെയുള്ള ശമ്പളക്കൂടുതൽ കൊടുക്കണം. വലിയശമ്പളക്കാക്ക് കൂട്ടികൊടുക്കണമെന്നു പറയുന്നതു അവരുടെ ആദായം കുറഞ്ഞുപോകുമെന്നുള്ളതുകൊണ്ടായിരിക്കാം. എന്നാൽ ഈ സാധുക്കൾക്ക് ശമ്പളം കൂട്ടികൊടുക്കാതിരുന്നാൽ വലുതായിട്ടുള്ള ദാരിദ്ര്യത്തിലകപ്പെട്ടു കഷ്ടപ്പെടും. അവർ ഇങ്ങനെ ചട്ടങ്ങളും മറ്റും ഭയപ്പെട്ടിരിക്കുന്നുവെങ്കിലും അവരുടെ കുടുംബം പട്ടിണി കിടക്കുന്നതു കാണുമ്പോൾ മറ്റുള്ള സകല സംഗതികളും വിസ്മരിച്ചു അനീതിയായി പണം ആഞ്ജിക്കും. ഇതുനിമിത്തം ജനങ്ങൾക്കു സങ്കടവും വരും. ഈ പട്ടിണികിടക്കുന്ന ഉദ്യോഗസ്ഥന്മാക്ക് ശമ്പളം കൂട്ടികൊടുക്കണം. മി. രാമൻപിള്ള പറഞ്ഞതുപോലെ രജിസ്ട്രാർക്കു ശമ്പളം കൂട്ടികൊടുക്കണമെന്നുള്ള അഭിപ്രായത്തോടു ഞാൻ അനുകൂലിക്കുന്നില്ല. ഫാജ്ജർമുതൽ പകുതിവരെയുള്ള സപ്ലൈശമ്പളക്കാരുടെ ശമ്പളം പതിനഞ്ചിൽ കുറയാത്തതാതിലാക്കണം. മറ്റൊക്കും കൂട്ടേണ്ട ആവശ്യമില്ല.

MR. A. G. MENON (*Parur*): Even if a motion like this were passed I know that it would practically be of no use. I only wanted to bring this to the notice of the Council. So. I beg leave to withdraw it.

The motion was, by leave, withdrawn.

The following motion was not moved.

***Motion* 200.**

MR. P. S. MAHOMED

To reduce the total allotment of Rs. 3,39,453 under Demand VI by Rs. 53.

LIBRARY ARCHIVES Kerala Legislative Assembly

Motion 201.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): Sir, I move the following motion:—

To reduce the allotment of Rs. 3,39,453 under Demand VI by Rs. 100.

ഈ ഡിപ്പാർട്ടുമെൻറിന്റെ ഭരണനയത്തെപ്പറ്റി ഞാൻ മുമ്പ് ഒരിക്കൽ കയ്യാക്കോസിന്റെ ഉപക്ഷേപത്തിൽ പറഞ്ഞിട്ടുണ്ട്.

PRESIDENT: I always find that members who speak in Malayalam very often use the names of other members even without the prefix Mr.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): അതിലേക്ക് ഗവണ്മെൻറ് ഭാഗത്തിൽ നിന്ന് മറുപടി പറഞ്ഞു കാണുന്നില്ല. അയതുകൊണ്ട് പകർപ്പെഴുത്തുവിഷയത്തെ സംബന്ധിച്ച് ഒന്നരണ്ടു വാക്കു പറഞ്ഞുകൊള്ളുന്നു. ആധാരം എഴുത്തുകാർക്കു സ്പഷ്ടമായി ഒരു പരീക്ഷവെച്ച് ലൈസൻസ് ഏർപ്പെടുത്തണം. സബ്രജിസ്ട്രാഫീസിൽ വരുന്ന വലുതായ തുകകളെപ്പറ്റി—കാണിക്കാർ മുതലായ താഴ്ന്ന ആളുകളിൽനിന്ന് വരുന്ന തുകകളെപ്പറ്റി—സബ് രജിസ്ട്രാർ വളരെ സൂക്ഷ്മമായിപ്പെരുമാറണം. ലഹരിപദാർത്ഥങ്ങൾ ഉപയോഗിച്ചുകൊണ്ടു വരുന്ന ആളുകളുടെ ആധാരം രജിസ്റ്റർ ചെയ്തുകൊടുക്കാൻ പാടില്ല. ഇപ്രകാരമുള്ള നിർദ്ദേശങ്ങളെ ഈ ഡിപ്പാർട്ടുമെൻറിലെ സംബന്ധികർക്കു മൂണ്ടിക്കാണിക്കണമെന്നുള്ള അഭിപ്രായമുള്ളതുകൊണ്ട് നമ്മ, ൦ ൦ ൦ രൂപായിൽനിന്നു ൧ ൦ ൦ രൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

MR. T. K. MADHAVAN NAYAR (*Ag. Secretary to Government*): ഡിസ്ട്രിക്ടാഫീസിൽ പകർപ്പെഴുതിവയ്ക്കണം എന്നു മെമ്പർ പറഞ്ഞകാര്യം ഡയറക്ടരോടാലോചിച്ചു വേണ്ടതുചെയ്യാവുന്നതാണ്. മറുള്ള സംഗതികൾ ഇപ്പോഴും സബ്രജിസ്റ്റർ കച്ചേരികളിൽ നടക്കുന്നില്ല. ആളുകൾ കള്ളുകുടിച്ചുകൊണ്ടുവരുന്നതായി അവിടെ കാണുന്നില്ല. മെമ്പർ പറഞ്ഞ അഭിപ്രായത്തെ ഡയറക്ടരേയും അറിയിക്കാം.

MR. P. S. MAHOMED (*Nominated*): Sir.....

MR. T. K. MADHAVAN NAYAR (*Ag. Secretary to Government*): Mr. Kesava Pillai has withdrawn his motion.

PRESIDENT: No. Did you withdraw your motion, Mr. Kesava Pillai?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): No, Sir.

PRESIDENT: He did not withdraw. When he stood up he saw Mr. Mahomed standing and so he sat down.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MAHOMED (*Nominated*): മി. കേശവപിള്ള അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാനും പിൻതാങ്ങുന്നു. മി. കേശവപിള്ള പറഞ്ഞതുമാതിരി ആധാരമെഴുത്തുകാർ നിമിത്തമുണ്ടായിക്കൊണ്ടിരിക്കുന്ന ദുഷ്യങ്ങൾ ഇവിടെ പറയാൻ പാടില്ലാത്തവിധത്തിൽ അത്ര ഭയങ്കരമാണ്. ഇന്നു സിവിൽക്കോടതികളിലെ കേസുകളിൽ വലിയ ഭാഗവും ഇവർനിമിത്തമുണ്ടാകുന്നതാണ്. ഇവരുടെ അറിവില്ലായ്മ നിമിത്തം എഴുതീട്ടുള്ള ആധാരങ്ങളുടെ ദുഷ്യത്താൽ ചില കുടുംബങ്ങൾ വ്യവഹാരം പറഞ്ഞു നശിക്കേണ്ടതായി വരുന്നതാണ്. ഇന്നു നിയമസംബന്ധമായും മറും പരിചയം കിട്ടീട്ടുള്ളവരും തൊഴിലില്ലായ്മ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നവരുമായ ധാരാളം ആളുകളെ ഇപ്പോൾ കിട്ടാൻ ഇടയുള്ളതുകൊണ്ട് അതിനെ എഴുതുന്നതിന് ഉത്തരവാദിത്വബോധമുള്ളവരും വേണ്ടവിധം അറിവോടുകൂടിയവരും ശേഷിയുള്ളവരുമായ ആളുകൾ മാത്രമേ ആധാരമെഴുതാവൂ എന്നു ഒരു വ്യവസ്ഥ ഉണ്ടാക്കേണ്ടതു് അത്യാവശ്യമാണ്. ആദായത്തിനു വേണ്ടി നടക്കുന്ന ഈ ആളുകളെക്കൊണ്ട് ആധാരമെഴുതിക്കുന്നതുനിമിത്തം ചിലർ ഈ സംഗതി മനസ്സിലാക്കാതെ അനുഭവിക്കുന്ന സങ്കടങ്ങളിൽനിന്നും അവരെ രക്ഷിക്കേണ്ടതു് ഗവണ്മെൻറിൻെറ ചുമതലയാണ്. ഈ വിഷയത്തിൽ ഗവണ്മെൻറു ഭാഗത്തിൽനിന്നും ശ്രദ്ധിക്കാമെന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ ഇതു് ഇങ്ങനെ പറഞ്ഞു് കാലതാമസപ്പെടുത്തേണ്ട ഒരു വിഷയമല്ല. അതിനാൽ വേണ്ട പ്രവൃത്തികൾ ഉടൻതന്നെ നടത്തണമെന്നുള്ള അഭിപ്രായത്തോടുകൂടിഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): ഞാൻ ഈ ഉപക്ഷേപത്തെ എതുക്കുന്നു. ഈ നാട്ടിലെ യൂറോപ്യൻ കമ്പനിക്കാർ പ്രസിദ്ധന്മാരായ വക്കീലന്മാരെക്കൊണ്ടാണു് ആധാരം എഴുതിക്കാറുള്ളതു്. അങ്ങിനെ പ്രസിദ്ധന്മാരായ വക്കീലന്മാരെഴുതീട്ടുള്ള ആധാരങ്ങളെ സംബന്ധിച്ചും വ്യവഹാരം ഉണ്ടാകുന്നതായി കാണുന്നുണ്ട്. ആ സ്ഥിതിക്കു് നമ്മുടെയെഴുത്തുകാക്കു് പരീക്ഷവച്ചുകൊണ്ടു് പ്രയോജനമുണ്ടാകുമെന്നു തോന്നുന്നില്ല. പ്രമാണമെഴുതിക്കൊടുക്കുന്നതിനും ഒപ്പിട്ടുകൊടുക്കുന്നതിനും ഒരാൾക്കു മനസ്സാണെങ്കിൽ അതുനിമിത്തമുള്ള വ്യവഹാരത്തെ നശിപ്പിക്കുന്നതിനു് എന്തു പരീക്ഷ പാസായിരുന്നാലും പ്രയോജനമുണ്ടാകുന്നതല്ല.

MR. P. S. MAHOMED (*Nominated*): യൂറോപ്യൻ കമ്പനിക്കാർ വക്കീലന്മാരെക്കൊണ്ടാധാരമെഴുതിച്ചിട്ടും വ്യവഹാരങ്ങൾ വരുന്ന സ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly

ക്ക് അതിനെപ്പറ്റി ഒന്നും പരിചയം ഇല്ലാത്ത ആളുകളെഴുതിയിരുന്നാൽ എത്രമാത്രം വ്യവഹാരം ഉണ്ടാകുകയില്ലേ?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): പരിചയം ഇല്ലാത്തതുകൊണ്ടല്ല ആധാരങ്ങൾ നിമിത്തം വ്യവഹാരങ്ങൾ ഉണ്ടാകുന്നത്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): യൂറോപ്യൻ കമ്പനിക്കാരിൽ പലർക്കും ഈ വ്യവഹാരം ഉണ്ടായിട്ടില്ലെന്നറിയാമോ?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): കേസുണ്ടാകാതിരിക്കുന്നത് ആധാരത്തിന്റെ ന്യായമനുസരിച്ചാണ്.

അതുനാൽ ഇപ്രകാരമൊരു പരീക്ഷവച്ച് സാധുക്കളായ ഈ എഴുത്തുകാരെ ചുറ്റിക്കണമെന്ന് പറയുന്ന അഭിപ്രായത്തിനോട് ഞാൻ യോജിക്കുന്നില്ല.

MR. R. RAMAN PILLAI (*Kottayam*): മലയാളത്തിൽ ആധാരമെഴുതി രെജിസ്റ്റരാക്കുന്ന വിഷയത്തിൽ ചേർത്തുവരുന്ന വാചകത്തിന്റെ ദുഷ്യംകൊണ്ട് യാതൊരുതരക്കേടുമില്ല. ആധാരമെഴുതിക്കൊടുക്കുന്നതിനു അവകാശവും അധികാരവുമുള്ള ആളാണോ എഴുതിക്കൊടുക്കുന്നതെന്നും പണം വാങ്ങിക്കുന്നതിൽ തക്കതായ പ്രതിഫലമുണ്ടോ എന്നും അതു തറവാട്ടിനു ഉപയോഗയോഗ്യമായിട്ടു വന്നിട്ടുണ്ടോ എന്നും മറ്റുമുള്ള സംഗതികളുടെ വിചിന്തനത്തിലാണ് വ്യവഹാരസംഗതി കിടക്കുന്നത്. ഇതിനു എത്ര വിദഗ്ദ്ധനായ ഒരു വക്കീലിനെക്കൊണ്ടുവച്ചു ആധാരം എഴുതിച്ചാലും ഈ ദോഷദോഗങ്ങളെ ആലോചിച്ചില്ലാ എങ്കിൽ ആ ദുഷ്യം പരിഹരിക്കുവാൻ നിവൃത്തിയില്ല. നല്ല കൈയക്ഷരത്തിലും നല്ല വാചകത്തിലും എഴുതാൻ അറിയാവുന്നവരായിരിക്കണം ആധാരമെഴുത്തുകാർ. യൂറോപ്യന്മാരെപ്പോലെയുള്ള വിഷമം മലയാളമെഴുതുന്നതിനു വന്നിട്ടില്ല. അതുകൊണ്ടു ആധാരമെഴുത്തുകാരായ സാധുക്കൾക്കു പരീക്ഷവേണം എന്നുള്ള എന്റെ സ്നേഹിതന്റെ അഭിപ്രായത്തിൽ യോജിക്കാൻ എനിക്കു നിവൃത്തിയില്ല. യൂറോപ്യന്മാർ പത്തും ഇരുപതും ലക്ഷം രൂപാ ബാങ്കുകളിൽ അടച്ചു് നമ്മുടെ നാട്ടിൽവന്നു് ഓരോ സ്ഥാപനങ്ങൾക്കുവേണ്ടി ആധാരം ജനിപ്പിക്കുന്നതിൽ ൫,൦൦൦-വും ൧൦,൦൦൦-വും രൂപാ പ്രതിഫലം കൊടുക്കുന്ന പതിവുണ്ടു്. എന്നാൽ നമ്മുടെ ആളുകൾക്കു് അഞ്ചുസെന്റു ഭൂമി ഏഴുരൂപായ്ക്കാറിയ്ക്കോ അഞ്ചുരൂപായ്ക്കു് പണയത്തിനോ എട്ടു രൂപായ്ക്കു് തീറിനോ കൊ

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Raman Pillai.]

ടുക്കാനേയുള്ള. ഇതുതന്നേയും ഈ സാധുക്കാം പലനിയമ വിദഗ്ധന്മാരുടേയും അടുത്തുചെന്ന് ആലോചിച്ചശേഷമാണ് ആധാരമെഴുതുന്നതു്. ഇതിനെ സംബന്ധിച്ചു് അനുകമ്പാപൂർവ്വമായ ഒരാലോചന ഗവണ്മെൻറിനു ഉണ്ടാകുന്നപക്ഷം ഈ എഴുത്തുകാക്കു വിശേഷാൽ യോഗ്യതയുണ്ടാക്കി തിരുവിതാംകൂറിലെ സാധുജനങ്ങളെ കഷ്ടപ്പെടുത്തുന്നതിനുള്ള ഒരു മാർഗ്ഗം കണ്ടുപിടിക്കുന്നതിനു് സംഗതിയാകുമെന്നു് ഞാൻ വിചാരിക്കുന്നില്ല. അതിനാൽ മി. മാഹമ്മതിന്റെ അഭിപ്രായത്തെ എതിർക്കുന്നു.

MR. A. G. MENON (*Parur*): Sir, I would also oppose the motion for this reason that in many places these document writers are men who have been thrown out of employment from the Registration Office on account of the vagaries of the official heads. Although an examination was instituted and there were a good number of people who passed that examination, another examination took place before those who passed were provided with any appointments. As a result of these two examinations there are a number of people who have passed the Registration Test Examination and whom Government practically assured that they will be provided with appointments in the Registration Department. Even after 7 or 8 years' acting service not continuous but of and on for 2 or three months—many of these people are sent out. In spite of Government orders to the contrary many of this people are among the Document writers. The people of this country are intelligent enough to understand the contents of these documents, and it is not easy without the knowledge of the parties of the document to introduce into the document anything that may lead to litigation.

In this connection I may also plead on behalf of those people who are thrown out of employment after acting for 7 or 8 years. I sent a series of interpellations in Dhanu of this year. But no answer was received. I revived them in this Council. But no answer has yet been received. It must be on account of the inefficiency of the Legislative Section or the indifference of the Registration Department, or, else, these questions should never have been left unanswered. There are a number of people who are left practically without any job.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): ഇതുപോലെ അളുകാം പരീക്ഷ ജയിച്ചിട്ടുള്ളവർ ആണോ?

MR. A. G. MENON (*Parur*): എല്ലാം പരീക്ഷയിൽ ജയിച്ചിട്ടുണ്ടു്.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): അപ്രകാരം ഉള്ളവരെ നിയമിക്കുന്നതുകൊണ്ടു വല്ല വിരോധവുമുണ്ടോ?

MR. A. G. MENON (*Parur*): No, they have passed the Registration Test.

LIBRARY ARCHIVES Kerala Legislative Assembly

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): അപ്രകാരമുള്ള ആളുകളുടെ ആധാരമെഴുത്തു വേലക്കു ലൈസൻസു കൊടുക്കുന്നതിൽ വിരോധമുണ്ടോ?

MR. A. G. MENON (*Parur*): അങ്ങിനെയുള്ള വക്കു് ലൈസൻസ് കൊടുത്തിട്ടാവശ്യമില്ല.

MR. P. S. MAHOMED (*Nominated*): ഇന്നു എഴുതുന്നവരിൽ വിവരമുള്ളവക്കു ലൈസൻസു കൊടുക്കുന്നതിൽ വിരോധമുണ്ടോ?

MR. A. G. MENON (*Parur*): There is also this point for me to urge. Government should see that those who passed the Test and whom no Government order prohibits from appointments in the Registration Department and who have put in acting service from 3 to 8 and 9 years and who have then been thrown out of employment are appointed in the department, before any fresh men, whatever be their qualifications, are admitted in the department. These men who have been thrown out of employment are practically a danger to the community. They are useless. After acting for 2 and 3 months in a year and thus serving for 8 or 9 years they practically become useless to the Societies as well as to their family. It is not all of them that turn out as document writers. It is only a few that command public confidence that take to it. Moreover, the document writers' profession is not considered to be very decent as compared with a clerkship in the Office of the Registration Department, although a good document writer may get something like 60 or 100 rupees a month. It is not the amount that counts with people but the nature of the source of the income that make these people yearn for Government appointments.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): വല്ലതായ ഒരു പരീക്ഷവയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടന്നില്ല. എന്റെഅഭിപ്രായത്തെ ഇവിടെ തെറ്റിദ്ധരിച്ചെന്നു തോന്നുന്നു. സ്റ്റാമ്പു ചട്ടം മുതലായ സംഗതികൾ പ്രത്യേകിച്ചു രജിസ്ട്രേഷൻ റൂൾസ്രേഷനും ഇവർ നല്ലപോലെ വായിച്ചിരിക്കേണ്ടതാണു്. ഇപ്പോൾ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ വച്ചിരിക്കുന്ന എൻട്രൻസു് പരീക്ഷപോലെ ഈ സംഗതിയിലും കൂടുതൽ പരിജ്ഞാനമുള്ള ആളുകൾക്കു ഒരു ലൈസൻസ് കൊടുക്കണമെന്നാണു് പറഞ്ഞതു്. ഇപ്പോൾ സബ്രജിസ്റ്റാർ കച്ചേരിയോടു ചേർന്നു് നാലു് അഞ്ചും എഴുത്താഫീസു് കാണുന്നുണ്ടു്. ഇവർ അവിടെ ഇരുന്നു പൊതുജനങ്ങൾക്കു ക്ഷോഭമുണ്ടാകത്തക്ക വിധത്തിൽപലതും പ്രവൃത്തിക്കുന്നതായി അറിയാം. ഇതിനു ഒരു സമാധാനമുണ്ടാക്കുന്നതിനു വേണ്ടിയാണു ഒരു ലൈസൻസു വയ്ക്കണമെന്നു പറഞ്ഞതു്. ഇതിൽ ഉത്തമ വിശ്വാസമായി പ്രവൃത്തിക്കുന്നവനും കാണും.

LIBRARY ARCHIVES Kerala Legislative Assembly

[MR. T. C. KESAVA PILLAI.]

ഇങ്ങനെ ഒരു പരീക്ഷവച്ചിരുന്നാൽ പൊതു ജനങ്ങൾക്കുപദ്രവമുണ്ടാകുകയില്ല. മലയിലും മറുനിന്നു വരുന്ന സാധുക്കളിൽനിന്നും ഈ ക്ലർക്ക് പത്രത്തിനെന്നും മാറും പറഞ്ഞു പത്തു രൂപായും മറും വാങ്ങിക്കുന്നുണ്ട്. വാസ്തവത്തിൽ അതിനു രണ്ടു രൂപമതിയായിരിക്കുo. അതുപോലെ ചില സാധുക്കളോട് പാട്ടമാണെന്നു പറഞ്ഞു വിശ്വസിപ്പിച്ചു വില എഴുതിമേടിക്കുന്നു. ഇങ്ങനെ പലതരത്തിൽ ദോഷമുണ്ട്.

MR. R. RAMAN PILLAI (*Kottayam*): പാട്ടമാണെന്നു പറഞ്ഞു വിലയെഴുതിക്കുന്നതിൽ—

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): അതു വേറെയാണ്. ആധാരങ്ങളിൽ അനാവശ്യമായ വ്യവസ്ഥവെച്ച് കക്ഷികളെ ഉപദ്രവിക്കുന്നു. അതുകൊണ്ട് ഇതിന്റെ പരിഹാരത്തിനായി ഇവക്കൊരു ലൈസൻസ്സ് ഗവണ്മെൻറിന്റേയോ പൊതുജനപ്രതിനിധികളുടേയോ അല്ലെങ്കിൽ ഉത്തരവാദിത്വമുള്ള വക്കീലന്മാരുടേയൊ മേൽനോട്ടത്തിൽ കൊടുത്താൽ മതി. ഇതു് അവരെ അടിമയാക്കിവച്ചു കൊണ്ടിരിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയല്ല. അതുകൊണ്ട് ഈ കാര്യത്തിൽ ഗവണ്മെൻറു ഗാഢമായി ആലോചിക്കണമെന്നു അപേക്ഷിക്കുന്നു. തെക്കൻതിരുവിതാംകൂറിൽനിന്നും വന്നിട്ടുള്ള മഹമ്മദീയരുടെ—പഴയകാലത്തു രാജാക്കന്മാർപോലും ഏറ്റവും ഭയമായിരുന്നതായ മഹമ്മദീയസമുദായത്തിന്റെ—പ്രാതിനിധ്യാവകാശത്തേക്കുടെ ഗണിക്കാമെന്നുപറഞ്ഞതുകൊണ്ട് എന്റെ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

The motion was, by leave, withdrawn.

PRESIDENT: I now put Demand No. VI Registration, for Rs. 3,39,453 to the vote of the House.

The grant was made.

The Council adjourned at 5-5 P. M. to meet again the next day at 11-30 A. M.

P. N. KRISHNA PILLAI,

Secretary to the Legislative Council.

LIBRARY ARCHIVES Kerala Legislative Assembly